# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 17 | ലക്കം 17 | പേജ് 6 | 2011 ജൂലൈ 1–15



2 കാലത്തിന്റെ സൂചന കളെ തിരിച്ചറിയുക

3 മാറുന്ന കാലവും മങ്ങുന്ന ജീവിതവും

4 സഭ – സമുദായം – രാഷ്ട്രീയം

5 ധ്യാനപീഠം




**കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയുടെ ആഭിമുഖ്യത്തിൽ സെന്റ് തോമസ് കാതോലിക്കേറ്റ് സെന്ററിൽ ജൂൺ 26 ഞായറാഴ്ച നടന്ന കുടുംബസംഗമം കൊച്ചി ഭദ്രാസനാധിപൻ ഡോ.യാക്കൂബ് മാർ ഐറേനിയോസ് ഉദ്ഘാടനം ചെയ്യുന്നു.**

## വലമ്പൂർപള്ളി : ഓർത്തഡോക്സ് – യാക്കോബായ വിഭാഗങ്ങൾ വിഭജിച്ചുപിരിഞ്ഞു

സ്വന്തം ലേഖകൻ

കോഴിക്കോട് : സഭാതർക്കം നിലനിന്നിരുന്ന വലമ്പൂർ സെന്റ് മേരീസ് പള്ളിയിൽ ഇരുവിഭാഗങ്ങളും ചർച്ച നടത്തി പരസ്പരം ധാരണയിലെത്തി വിഭജിച്ചു പിരിഞ്ഞു.

സഭാവഴക്കിനെ തുടർന്ന് 38 വർഷമായി ഈ പള്ളിയിൽ കേസു നടന്നുവരികയായിരുന്നു. അഞ്ചുവർഷം മുമ്പ് ആരംഭിച്ച സമാധാന ചർച്ചകൾ ഒത്തുതീർപ്പിലെത്തിയതിനെ തുടർന്ന് കേസുകൾ രാജിയാകുവാൻ ഇരുവിഭാഗങ്ങളും യോജിച്ച് കോടതിയിൽ അപേക്ഷ നൽകി. ഇരുവിഭാഗത്തിന്റെയും ഇടവക പൊതുയോഗത്തിന്റെ തീരുമാനങ്ങൾ പരസ്പരം അംഗീകരിച്ചാണ് ധാരണയുണ്ടായത്. നിലവിലുള്ള പള്ളി ഓർത്തഡോക്സ് വിഭാഗത്തിനും ചാപ്പൽ യാക്കോബായ വിഭാഗത്തിനും നൽകും. യാക്കോബായ സഭയ്ക്ക് പുതിയ പള്ളി നിർമ്മിക്കാൻ പ്രത്യേക സ്ഥലം വേർതിരിച്ചുനൽകിയിട്ടുണ്ട്. സെമിത്തേരി ഇരുപക്ഷവും ഒരുമിച്ച് ഉപയോഗിക്കും. പള്ളിയുടെ പ്രധാന കുരിശിൽ ഇരുവിഭാഗത്തിനും അവകാശമുണ്ടാകും. ഇവിടെനിന്നുള്ള വരുമാനം പങ്കുവെയ്ക്കും. കുരിശിന്റെ അറ്റകുറ്റ പണികൾ ഇരുവിഭാഗവും ഒന്നിച്ചുചേർന്ന് നടത്തും. 600-ൽ അധികം കുടുംബങ്ങൾ അംഗങ്ങളായുള്ള പള്ളി സഭാവഴക്കിന്റെയും സംഘർഷത്തിന്റെയും വേദിയായിരുന്നു. കുർബ്ബാനകാണാൻപോലും വിശ്വാസികൾക്ക് സാധിക്കാത്ത അവസ്ഥയായിരുന്നു പള്ളിയിൽ നിലവിൽ ഉണ്ടായിരുന്നത്. ലക്ഷങ്ങൾ മുടക്കി ഇരുവിഭാഗങ്ങളും കേസു നടത്തി. ഇടവകയുടെ സമ്പത്തും പൊതുമുതലുകളും നശിക്കുകയായിരുന്നു. ഇതിനൊരു അവസാനമുണ്ടാകണമെന്ന് ഒത്തുതീർപ്പ് ചർച്ചകൾക്ക് നേതൃത്വം നൽകിയ ഇരുവിഭാഗത്തിലുംപെട്ട നേതാക്കന്മാർ ആഗ്രഹിച്ചു. ഇടവകാംഗങ്ങളുടെ ആത്മാർത്ഥമായ ആഗ്രഹവും പ്രവർത്തനവും സമാധാനത്തിന് വഴിയൊരുക്കി. കോടതിവ്യവഹാരങ്ങൾക്കുവേണ്ടി ലക്ഷങ്ങൾ ചിലവാക്കുന്ന ചില ഇടവകകൾക്കെങ്കിലും വലമ്പൂർ പള്ളി മാതൃകയാകുകയാണ്. വഴക്ക് അവസാനിച്ചതോടെ ഇരുവിഭാഗവും പുരോഗതിയുടെ പാതയിലാണ്.

3000 ചതുരശ്രഅടി വിസ്തീർണ്ണമുള്ളതും രണ്ടരകോടി രൂപാ ചിലവു പ്രതീക്ഷിക്കുന്നതുമായ ഒരു പുതിയ പള്ളി പണിയാൻ യാക്കോബായ വിഭാഗം ആരംഭമിട്ടു. മലബാറിൽ കക്ഷിവഴക്കുണ്ടായിരുന്ന 70-ഓളം പള്ളികളും തൃശൂരിൽ ആറുപള്ളികളും കോട്ടയത്ത് നാലുപള്ളികളും ഇതേ രീതിയിൽ വിഭജിച്ചുപിരിഞ്ഞ് മുന്നോട്ടുപോകുന്നതായി മനസ്സിലാക്കുന്നു.

## കത്തിപ്പാറത്തടം പള്ളിയിൽ സംഘർഷം

മൂവാറ്റുപുഴ : കത്തിപ്പാറത്തടം പള്ളിയിൽ ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങൾ തമ്മിൽ സംഘർഷം. പള്ളി സന്ദർശിക്കാനെത്തിയ കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്താ ഡോ.തോമസ് മാർ അത്താനാസിയോസിനെയും വൈദികരെയും പള്ളിയിൽനിന്ന് പുറത്തുപോകാനനുവദിക്കാതെ പള്ളിയുടെ ഗേറ്റ് യാക്കോബായ വിഭാഗം പൂട്ടിയത് സംഘർഷത്തിലേക്ക് നയിച്ചു. ജൂൺ 19–ാം തീയതി ഞായറാഴ്ച രാവിലെ 11 മണിയോടെയാണ് സംഭവങ്ങൾക്ക് തുടക്കം. വർഷങ്ങളായി തർക്കം നിലനിൽക്കുന്ന പള്ളി സംബന്ധിച്ച് ഓർത്തഡോക്സ് വിഭാഗത്തിന് അനുകൂലമായ കോടതിവിധി നിലവിലുണ്ട്. ജില്ലാകളക്ടറുമായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഇരുവിഭാഗങ്ങൾക്കും പള്ളിയിൽ ആരാധനയ്ക്ക് പ്രത്യേക സമയം അനുവദിച്ചിട്ടുണ്ട്. രാവിലെ 11 മണിവരെയാണ് ഓർത്തഡോക്സ് വിഭാഗത്തിന് അനുവദിച്ചിട്ടുള്ള സമയം. അതിനുശേഷവും മെത്രാപ്പോലീത്താ ഉൾപ്പെടെയു

(ശേഷം പേജ് 2-ൽ)

## ശതാബ്ദി ആഘോഷിക്കുന്ന കാതോലിക്കേറ്റ്....കഴിഞ്ഞലക്കം തുടർച്ച

ഫാ.ഡോ.എം.ഒ.ജോൺ

### വട്ടശ്ശേരിൽ തിരുമേനിയുടെ കത്തും കമ്പിയും

പ.വട്ടശ്ശേരിൽ തിരുമേനിയുടെ നിലപാടുകൾ പരിപൂർണ്ണ സ്വതന്ത്രമായ ഒരു കാതോലിക്കേറ്റിന് അനുകൂലമായിരുന്നില്ല. കാതോലിക്കേറ്റ് സ്ഥാപനത്തിനുശേഷവും പാത്രിയർക്കീസുമായുള്ള ബന്ധം വിഛേദിക്കണമെന്ന് പ.വട്ടശ്ശേരിൽ തിരുമേനി ആഗ്രഹിച്ചിരുന്നില്ല. ഭിന്നതകൾ പരിഹരിച്ച് സഭ ഒന്നാകണം എന്നുതന്നെയായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. മലങ്കര അന്ത്യോഖ്യൻ ബന്ധം വ്യവസ്ഥാപിതമായും നിയമപരമായും കാനോനികമായും നിലനിർത്തണമെന്നും അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ നിലപാടുകൾ കാതോലിക്കേറ്റിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നവയായിരുന്നു.

സഭയിൽ ഭിന്നത ഉണ്ടായി ഇരുവിഭാഗങ്ങളും തമ്മിൽ കോടതിവ്യവഹാരങ്ങൾ നടന്ന 1923-ൽ പ.വട്ടശ്ശേരിൽ തിരുമേനി ശീമയിലേക്ക് യാത്രചെയ്ത് മർദ്ദീനിൽ എത്തി പ.ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായെ സന്ദർശിച്ച് രണ്ടുമാസത്തിലധികം പാത്രിയർക്കീസിനോടൊപ്പം താമസിച്ച്, കൂദാശകളിൽ പങ്കെടുക്കുകയും സഭാസമാധാനത്തെക്കുറിച്ച് ആലോചിക്കുകയും ചെയ്തു. മലങ്കരസഭമേൽ പാത്രിയർക്കീസ് ലൗകീകാധികാരം അവകാശപ്പെട്ടതിനെ മാത്രമെ വട്ടശ്ശേരിൽ തിരുമേനി ചോദ്യം ചെയ്തുള്ളു. ആത്മീയ മേലധികാരം അദ്ദേഹം ചോദ്യം ചെയ്തില്ല. കോടതിവ്യവഹാരങ്ങളിൽ മാത്രമാണ് ആത്മീയ – ലൗകീകാധികാരങ്ങൾ വേർതിരിക്കുവാൻ സാധ്യമല്ല എന്നും മറ്റുമുള്ള നിലപാടുകൾ അദ്ദേഹം സ്വീകരിച്ചത് എന്നു വ്യക്തമാണ്. 1931-ൽ പ.ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ എത്തിയപ്പോഴും സമാധാനാലോചനകൾ നടന്നു. ഇക്കാലഘട്ടങ്ങളിൽ നടന്ന സന്ധിയാലോചനകളിലൊന്നും പാത്രിയർക്കീസിന് മലങ്കരസഭമേലുള്ള ആത്മീയ മേലധികാരത്തെ ആരും ചോദ്യം ചെയ്തില്ല.

### മലങ്കര – അന്ത്യോഖ്യൻ കാനോനികബന്ധം

പാത്രിയർക്കീസും കാതോലിക്കായും തമ്മിലുള്ള ബന്ധം കാനോനികമായി അഥവാ കാനോന്റെ അടിസ്ഥാനത്തിൽ നിർവ്വചിക്കാനാണു മലങ്കരസഭ ശ്രമിച്ചത്. മലങ്കരസഭ സ്വീകരിക്കുകയും ഉദ്ധരിക്കുകയും ചെയ്ത കാനോൻ വ്യവസ്ഥകൾ എല്ലാം അന്ത്യോഖ്യാ പാത്രിയർക്കീസും പേർഷ്യയിലെ മഫ്രിയാനായും തമ്മിലുള്ള ബന്ധം നിർവ്വചിച്ചിരിക്കുന്ന പൂർവ്വിക കാനോൻ വ്യവസ്ഥകൾ ആയിരുന്നു.

വട്ടശ്ശേരിൽ തിരുമേനി മലങ്കരസഭയുടെ സ്വാതന്ത്ര്യം ആഗ്രഹിച്ചിരുന്നു എന്നതിന് യാതൊരു സംശയവും ഇല്ല. എന്നാൽ അത് പരിപൂർണ്ണ സ്വാതന്ത്ര്യമായിരുന്നു, വ്യവസ്ഥകൾക്കു വിധേയമായ സ്വാതന്ത്ര്യമായിരുന്നോ എന്നീകാര്യങ്ങളെക്കുറിച്ച് അഭിപ്രായവ്യത്യാസം ഉണ്ട്.

മലങ്കരയിലെ കാതോലിക്കാ തത്വത്തിൽ ഒരു മഫ്രിയാനാ എന്ന നിലയിലാണ് വട്ടശ്ശേരിൽ തിരുമേനി കൈകാര്യം ചെയ്തത്. കാതോലിക്കായുടെ അധികാരാവകാശങ്ങളായി വട്ടശ്ശേരിൽ തിരുമേനി പറയുന്ന എല്ലാകാര്യങ്ങളും തിഗ്രീസിലെ മഫ്രിയാനായ്ക്ക് കാനോനികമായി മുമ്പുണ്ടായിരുന്ന അധികാരാവകാശങ്ങളാണ്.

കാതോലിക്കായുടെ ആലോചന ഇല്ലാതെ വാഴിക്കപ്പെടുന്ന പാത്രിയർക്കീസിനെ സ്വീകരിക്കുകയില്ലെന്ന് അദ്ദേഹം പറഞ്ഞു. കപ്പർത്തൂത്താ സുന്നഹദോസ് തീരുമാനമനുസരിച്ചാണ് അദ്ദേഹം അതു പറഞ്ഞത്. തിഗ്രീസിലെ മഫ്രിയാനായും അന്ത്യോഖ്യാ പാത്രിയർക്കീസും തമ്മിൽ ഒമ്പതാം നൂറ്റാണ്ടിലുണ്ടായിരുന്ന തർക്കങ്ങൾ പരിഹരിക്കാൻ എ.ഡി.869-ൽ കൂടിയ സുന്നഹദോസാണ് കപ്പർത്തൂത്താ സുന്നഹദോസ്. അതിന്റെ നാലാം നിശ്ചയം ഇങ്ങനെയാണ്. "മഫ്രിയാൻ ജീവനോടിരിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ പാത്രിയർക്കീസിനെ വാഴിക്കാൻ

(ശേഷം പേജ് 4-ൽ)

വട്ടശ്ശേരിൽ തിരുമേനി സ്വീകരിച്ച നിലപാടും അതേ ആവശ്യവും ഉന്നയിക്കുന്ന ചില മെത്രാച്ചന്മാരും വൈദികരും ഇന്നും മലങ്കരസഭയിലുണ്ട്. അവർ പറയുന്നത് ഇപ്പോഴത്തെ പാത്രിയർക്കീസിനെ മലങ്കര ഒർത്തഡോക്സ് സഭ സ്വീകരിക്കുന്നില്ല. കാരണം മലങ്കര സഭയുടെ അറിവോ സമ്മതമോ കാതോലിക്കായുടെ പങ്കാളിത്തമോ ഇല്ലാതെയാണ് അദ്ദേഹം വാഴിക്കപ്പെട്ടത് എന്നാണ്. ആ അഭിപ്രായം അംഗീകരിക്കുമ്പോൾ എന്തുകൊണ്ടാണ് പാത്രിയർക്കാ വാഴ്ചയ്ക്ക് മലങ്കരസഭയുടെ പങ്കാളിത്തം ഉണ്ടാകേണ്ടത് എന്ന ചോദ്യം ഉയരുന്നു. മലങ്കരയിലെ കാതോലിക്കാ സ്ഥാനം മഫ്രിയാനാ സ്ഥാനമായി അംഗീകരിക്കപ്പെടുന്നതുകൊണ്ട് എന്നല്ലേ ഉത്തരം. മഫ്രിയാനായും പാത്രിയർക്കീസും തമ്മിലുള്ള കാനോനികമായ ഉടമ്പടിയുടെ അടിസ്ഥാനത്തിലാണല്ലോ ഇരുവരുടെയും തെരഞ്ഞെടുപ്പിനും വാഴ്ചയ്ക്കുമുള്ള പരസ്പര പങ്കാളിത്തം.

ഇപ്പോഴത്തെ പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പിനും വാഴ്ചയ്ക്കും മലങ്കരസഭയെ ക്ഷണിച്ചില്ല എന്നു പരാതിപ്പെടുന്നവർ മലങ്കരയിലെ കാതോലിക്കാ സ്ഥാനത്തെ മഫ്രിയാനാ സ്ഥാനമായി അംഗീകരിക്കുകയാണ് അല്ലെങ്കങ്കിൽ പരിമിതിപ്പെടുത്തുകയാണ് അതുവഴി ചെയ്യുന്നതെന്ന് അവർതന്നെ മനസ്സിലാക്കുന്നില്ല.

# കാലത്തിന്റെ സൂചനകളെ തിരിച്ചറിയുക – വൈദികസമ്മേളനം.... കഴിഞ്ഞലക്കം തുടർച്ച

മാധ്യമ ദീപം

ഫാ.സി.ഡി.തോമസ്
വടകോട്

വൈദികസമ്മേളനത്തിന്റെ രണ്ടാം ദിവസം സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് വൈദികസംഘം പ്രസിഡന്റ് ഡോ.ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ ക്ലാസ്സായിരുന്നു. കാലത്തിന്റെ സൂചനകളും യുഗാന്ത്യദർശനവും എന്നതായിരുന്നു വിഷയം. കർത്താവിന്റെ ആദ്യത്തെ വരവിനും രണ്ടാമത്തെ വരവിനും ഇടയിലുള്ള കാലഘട്ടത്തെയാണ് യുഗാന്ത്യം എന്നു പറയുന്നത്. അതിന്റെ അവസാനം ആർക്കും അറിഞ്ഞുകൂടാ. മൂന്നുതരം അടയാളങ്ങളെക്കുറിച്ച് പറയുന്നുണ്ട്. 1. സംഭവിച്ചുകഴിഞ്ഞത്, 2. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്, 3. ഇനി സംഭവിക്കാനിരിക്കുന്നത്. അത്തിവൃക്ഷം തളിർക്കുമ്പോൾ വേനൽ അടുത്തിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവിൻ. അതുകൊണ്ട് പ്രകൃതിയെ നോക്കി ചില കാര്യങ്ങൾ നാം പഠിക്കണം. ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമ്പോൾ അത് കർത്താവ് പറഞ്ഞിരിക്കുന്നതുപോലെയാണ്. യുദ്ധശ്രുതികളും ഭൂകമ്പങ്ങളും നാശങ്ങളും ഒക്കെ അവിടവിടെ ഉണ്ടാകുന്നതു കാണുമ്പോൾ യുഗാന്ത്യത്തിന്റെ അടയാളങ്ങളായിട്ട് നാം ഉൾക്കൊള്ളണം ഇപ്പോൾതന്നെ ജപ്പാനിലുണ്ടായ ന്യൂക്ലിയർ എക്സ്പ്ലോഷൻ നമുക്കൊരു മുന്നറിയിപ്പു നൽകുകയാണ്. ഈ ലോകത്തുള്ള ന്യൂക്ലിയർ പവർകൊണ്ടുതന്നെ ലോകം നശിക്കും. പത്രോസിന്റെ ലേഖനത്തിൽ ഇതിനെപ്പറ്റി ഒരു സൂചനയുണ്ട്. ലോകം തീകൊണ്ട് നശിക്കും. അന്ന് അത് പറഞ്ഞപ്പോൾ ആളുകൾ ചിരിക്കുമായിരുന്നു. ഇപ്പോൾ അത് സംഭവ്യമായിരിക്കുന്നു. ആണവ ഉപകരണങ്ങൾ ഏതെങ്കിലും പൊട്ടിത്തെറിച്ചാൽ അഗ്നിസ്ഫോടനം ഇവിടെ ഉണ്ടാകും. ആർക്കും രക്ഷപ്പെടാൻ സാധിക്കാത്ത ഒരവസ്ഥയായിത്തീരും. ഇതൊരു മുന്നറിയിപ്പാണ്. അതുകൊണ്ട് ഒരുക്കത്തോടെ ജീവിക്കുവാനുള്ള ഒരു ആഹ്വാനമാണ് കർത്താവ് നൽകുന്നത്. ദേവാലയത്തിന്റെയും സഭയുടെയും വ്യക്തികളുടെയും വിശുദ്ധിയെ സൂക്ഷിക്കുക എന്ന ആഹ്വാനത്തോടെയാണ് ക്ലാസ്സ് അവസാനിച്ചത്.

രാത്രിഭക്ഷണത്തിനുശേഷം ചേർന്ന സെഷൻ പൊതുചർച്ചകൾക്കും ചോദ്യോത്തരങ്ങൾക്കും വേണ്ടിയുള്ളതായിരുന്നു. ചോദ്യങ്ങൾക്ക് ആധികാരികമായി ഉത്തരം പറയാൻ കഴിയുന്ന ആരുംതന്നെ വേദിയിൽ ഉണ്ടായിരുന്നില്ല. എല്ലാ സമ്മേളനങ്ങളിലെയുംപോലെ ഉഴപ്പൻ മറുപടികളായിരുന്നു ചോദ്യങ്ങൾക്ക് ലഭിച്ചത്. പഠിച്ചുകൊണ്ടിരിക്കുന്നു, പരിഗണിക്കാം, ഗുണത്തേക്കാളേറെ ദോഷം ചെയ്യും തുടങ്ങിയ മറുപടികളാണ് പല ചോദ്യങ്ങൾക്കും ലഭിച്ചത്. കപ്പൽ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നത് എന്തുകൊണ്ടാണ് എന്ന ചോദ്യത്തിന് അത് പണ്ടേ അങ്ങനെയാണ് കിടക്കുന്നത് എന്ന മട്ടിലുള്ള മറുപടികളായിരുന്നു പലതും. മുൻകൂട്ടി അയച്ചുകൊടുത്തിരുന്ന പല ചോദ്യങ്ങളും മുക്കിക്കളഞ്ഞു എന്നതും വ്യക്തമായിരുന്നു. വൈദിക ക്ഷേമനിധിയിലേക്ക് പിരിച്ചെടുത്ത തുക പലിശ സഹിതം അവശേഷിക്കുന്നത് 74 ലക്ഷമാണെന്ന് വ്യക്തമാക്കപ്പെട്ടു. അതു വൈദികസംഘത്തിന്റെ പേരിൽതന്നെ നിക്ഷേപിക്കണമെന്നും (ഇപ്പോൾ ഒരു മെത്രാപ്പോലീത്തായുടെ പേരിലാണ്) അതിന്റെ വിനിയോഗം വൈദികസംഘത്തിന്റെ പൂർണ്ണ ചുമതലയിൽ ആയിരിക്കണമെന്നും ഈവാനിയോസ് തിരുമേനി ശക്തമായി ആവശ്യപ്പെട്ടു.

സമാപന ദിവസം രാവിലെ പ.കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ വി.മൂന്നിന്മേൽ കുർബ്ബാന അർപ്പിക്കുകയുണ്ടായി. തുടർന്ന് പ്രഭാത ഭക്ഷണത്തിനു ശേഷം വൈദിക സെമിനാരി അദ്ധ്യാപകൻ ഫാ.ഡോ.റെജി മാത്യൂസിന്റെ ബൈബിൾ ക്ലാസ്സായിരുന്നു. അപ്പോ.പ്രവ.8:26-35 ആസ്പദമാക്കിയുള്ള ക്ലാസ്സ് ശ്രദ്ധേയമായിരുന്നു. തിരുവചനം വായിക്കുന്ന ആളും കേൾക്കുന്ന ആളും പരിശുദ്ധാത്മാവിൽ നിറയണം. തിരുവചനം വ്യാഖ്യാനിക്കുന്നത് സഭയുടെ പ്രതിനിധിയാകണം. ആരാധനാപശ്ചാത്തലത്തിലാണ് വചനം വ്യാഖ്യാനിക്കേണ്ടത്. നമ്മുടെ ആരാധന തന്നെ ബൈബിളിന്റെ ആവിഷ്ക്കാരമാണ്. ക്രിസ്തുകേന്ദ്രീകൃതമായ വ്യാഖ്യാനത്തിൽ ശ്രദ്ധയൂന്നണം. യേശുതന്നെയാണ് തിരുവചനം എന്ന ബോധ്യമുണ്ടാവണം എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ഇപ്പോൾതന്നെ ജപ്പാനിലുണ്ടായ ന്യൂക്ലിയർ എക്സ്പ്ലോഷൻ നമുക്കൊരു മുന്നറിയിപ്പു നൽകുകയാണ്. ഈ ലോകത്തുള്ള ന്യൂക്ലിയർ പവർകൊണ്ടുതന്നെ ലോകം നശിക്കും. പത്രോസിന്റെ ലേഖനത്തിൽ ഇതിനെപ്പറ്റി ഒരു സൂചനയുണ്ട്. ലോകം തീകൊണ്ട് നശിക്കും. അന്ന് അത് പറഞ്ഞപ്പോൾ ആളുകൾ ചിരിക്കുമായിരുന്നു. ഇപ്പോൾ അത് സംഭവ്യമായിരിക്കുന്നു. ആണവ ഉപകരണങ്ങൾ ഏതെങ്കിലും പൊട്ടിത്തെറിച്ചാൽ അഗ്നിസ്ഫോടനം ഇവിടെ ഉണ്ടാകും. ആർക്കും രക്ഷപ്പെടാൻ സാധിക്കാത്ത ഒരവസ്ഥയായിത്തീരും.

തുടർന്ന് നവകൾട്ടിക്ക് ആത്മീയതയും പൗരോഹിത്യശുശ്രൂഷയും എന്ന വിഷയത്തെക്കുറിച്ച് സണ്ടേസ്ക്കൂൾ ഡയറക്ടർ ജനറൽ ഫാ.ഡോ.ഒ.തോമസിന്റെ ചിന്തോദ്ദീപകമായ ക്ലാസ്സായിരുന്നു. ആ സെഷനിൽ അദ്ധ്യക്ഷത വഹിച്ച യാക്കോബ് മാർ ഏലിയാസ് തിരുമേനി നല്ല ഒരു ആമുഖ പ്രഭാഷണം നടത്തി. കൾട്ടിക് ആരാധനയുമായി ബന്ധപ്പെട്ട് കഞ്ഞിക്കുഴി തോമ്മാച്ചൻ, കോട്ടയം കുഞ്ഞച്ചൻ, തിരുവനന്തപുരം ശോശാമ്മ, മാന്നാർ വിജയൻ, ദേവസ്യാ മുല്ലക്കര, ജോസ് ആനത്താനം തുടങ്ങി അനേകം പേരുകൾ തിരുമേനി താളാത്മകമായി പറഞ്ഞത് സദസ്സിൽ ചിരിപടർത്തി. മോശ പർവ്വതത്തിൽനിന്ന് ഇറങ്ങിവരുവാൻ താമസിച്ചപ്പോൾ പർവ്വതത്തിനു താഴെ പാളയത്തിൽ

ചോദ്യങ്ങൾക്ക് ആധികാരികമായി ഉത്തരം പറയാൻ കഴിയുന്ന ആരുംതന്നെ വേദിയിൽ ഉണ്ടായിരുന്നില്ല. എല്ലാ സമ്മേളനങ്ങളിലെയുംപോലെ ഉഴപ്പൻ മറുപടികളായിരുന്നു ചോദ്യങ്ങൾക്ക് ലഭിച്ചത്. പഠിച്ചുകൊണ്ടിരിക്കുന്നു. പരിഗണിക്കാം, ഗുണത്തേക്കാളേറെ ദോഷം ചെയ്യും തുടങ്ങിയ മറുപടികളാണ് പല ചോദ്യങ്ങൾക്കും ലഭിച്ചത്. കപ്പൽ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നത് എന്തുകൊണ്ടാണ് എന്ന ചോദ്യത്തിന് അത് പണ്ടേ അങ്ങനെയാണ് കിടക്കുന്നത് എന്ന മട്ടിലുള്ള മറുപടികളായിരുന്നു പലതും. മുൻകൂട്ടി അയച്ചുകൊടുത്തിരുന്ന പല ചോദ്യങ്ങളും മുക്കിക്കളഞ്ഞു എന്നതും വ്യക്തമായിരുന്നു. വൈദിക ക്ഷേമനിധിയിലേക്ക് പിരിച്ചെടുത്ത തുക പലിശ സഹിതം അവശേഷിക്കുന്നത് 74 ലക്ഷമാണെന്ന് വ്യക്തമാക്കപ്പെട്ടു. അതു വൈദികസംഘത്തിന്റെ പേരിൽതന്നെ നിക്ഷേപിക്കണമെന്നും (ഇപ്പോൾ ഒരു മെത്രാപ്പോലീത്തായുടെ പേരിലാണ്) അതിന്റെ വിനിയോഗം വൈദികസംഘത്തിന്റെ പൂർണ്ണ ചുമതലയിൽ ആയിരിക്കണമെന്നും ഈവാനിയോസ് തിരുമേനി ശക്തമായി ആവശ്യപ്പെട്ടു.

ജനം കാളക്കുട്ടിയെ ഉണ്ടാക്കി വന്ദിച്ച സംഭവം (പുറ.32:1 മുതൽ) വിവരിച്ചുകൊണ്ടാണ് ബഹു.ഒ.തോമസ് അച്ചൻ ക്ലാസ്സ് ആരംഭിച്ചത്. ക്രിസ്തുവിൽ കേന്ദ്രീകൃതമായ പ്രബോധനത്തിൽനിന്നും നാം മാറി വിശുദ്ധന്മാരിൽ മാത്രം കേന്ദ്രീകൃതമായ ആത്മീയതയിലേക്ക് തിരിഞ്ഞാൽ അതും കൾട്ടിക്ക് ആയി നമ്മളും മാറുന്നതിന്റെ ലക്ഷണമായി അച്ചൻ ചൂണ്ടിക്കാട്ടി. എനിക്ക് കർത്താവപ്പച്ചനോട് പ്രാർത്ഥിക്കുന്നതിനേക്കാൾ ഇഷ്ടം പരുമല തിരുമേനിയോട് പ്രാർത്ഥിക്കുന്നതാണ് എന്ന ഒരു വിശ്വാസിയുടെ പ്രതികരണം അതിനുദാഹരണമാണ്. അടിസ്ഥാന വിശ്വാസങ്ങൾ നമ്മുടേത് മാറിയിട്ടില്ലെങ്കിലും പ്രായോഗിക ജീവിതത്തിൽ പലയിടത്തും നമ്മളും കൾട്ടിക്ക് ആയി തുടങ്ങിയെന്ന് അച്ചൻ സമർത്ഥിച്ചു. വേദപുസ്തകത്തിലെ പൗരോഹിത്യ രാജകീയ പ്രവാചക (പ്രീസ്റ്റ്ലി – കിംഗ്ലി – പ്രൊഫെറ്റിക്) ദൗത്യം തിരികെ വരണം. ക്രിസ്തു കേന്ദ്രീകൃത ജീവിതം തിരികെ വരണമെന്നും അച്ചൻ ഓർമ്മിപ്പിച്ചു.

തുടർന്ന് നടന്ന ക്ലാസ്സും കാലിക പ്രസക്തി കൊണ്ട് ശ്രദ്ധേയമായിരുന്നു. ആരാധനയും കാലത്തിന്റെ മാറ്റങ്ങളും എന്ന വിഷയത്തെക്കുറിച്ചുള്ള പ്രസ്തുത ക്ലാസ്സ് നയിച്ചത് പണ്ഡിതനായ ഫാ.ഡോ.ബേബി വർഗീസ് ആയിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ നമുക്ക് മാത്രം അവകാശപ്പെട്ടിരുന്ന പലതും നഷ്ടപ്പെട്ടുപോകുന്നത് അദ്ദേഹം ചൂണ്ടിക്കാട്ടി. ഉദാ. പേർഷ്യൻ കുരിശ് മാർത്തോമ്മാ എന്ന നാമധേയം മലങ്കര എന്ന പ്രയോഗം മുതലായവ ലാറ്റിൻ സ്വാധീനത്തിൽനിന്നും സഭയിൽ കടന്നുകൂടിയ പല കാര്യങ്ങളും പോർച്ചുഗീസ് സ്വാധീനത്തിൽനിന്നും ഉണ്ടായ പല വ്യതിയാനങ്ങളും ക്ലാസ്സിൽ കടന്നുവന്നു. ലിറ്റർജിക്കൽ സ്പേസ് ലിറ്റർജിക്കൽ ടൈം തുടങ്ങിയവയൊക്കെ തക്സായുടെ ഭാഗമാണെന്ന് അദ്ദേഹം സമർത്ഥിച്ചു. വി.മദ്ബഹായിൽ നടത്തേണ്ട പല കാര്യങ്ങളും പന്തലിട്ട് വെളിയിൽ നടത്തുന്ന പ്രവണത ശരിയോ? എന്ന ചോദ്യവും അദ്ദേഹം ഉന്നയിച്ചു. അതും രാഷ്ട്രീയ നേതാക്കന്മാരെ പ്രധാന ഇരിപ്പിടങ്ങളിൽ ഇരുത്തിക്കൊണ്ട് പോപ്പുലാരിറ്റി ക്വാളിറ്റിയുടെ തെളിവല്ല. മുക്കിനും മൂലയിലും എല്ലാം തിരുശേഷിപ്പു പ്രതിഷ്ഠ, കുരിശിൻതൊട്ടികുർബ്ബാന, കത്തീഡ്രൽ പ്രഖ്യാപനം തുടങ്ങി ആധുനിക പ്രവണതകളെല്ലാം ക്ലാസ്സിൽ വിശദമായി പ്രതിപാദിക്കുകയുണ്ടായി.

വളരെ ടൈറ്റായി ക്രമീകരിക്കപ്പെട്ട പ്രോഗ്രാമുകളായിരുന്നു മൂന്നുദിവസവും. നിന്നുതിരിയാൻ സമയം കിട്ടാത്തവിധത്തിൽ ടൈംഷെഡ്യൂൾ വരരുതായിരുന്നു. ഒരവസരത്തിൽ ജനറൽ സെക്രട്ടറി തന്നെ പറഞ്ഞു നമ്മുടെ കുത്തിയിരിപ്പു സത്യാഗ്രഹം അവസാനിക്കാൻ പോകുന്നുവെന്ന്.

മൂന്നാം ദിവസം ഉച്ചയോടെ സമാപന സമ്മേളനം ആരംഭിച്ചു. പ്രസിഡന്റ് ഗീവർഗീസ് മാർ ഈവാനിയോസ് അദ്ധ്യക്ഷത വഹിച്ചു. സഭയിൽ ടീച്ചിംഗ് മിനിസ്ട്രി ഭംഗിയായി നടക്കേണ്ടതിന്റെ ആവശ്യകത അദ്ധ്യക്ഷ പ്രസംഗത്തിൽ എടുത്തുപറഞ്ഞു. പ.കാതോലിക്കാ ബാവാ യോഗം ഉദ്ഘാടനം ചെയ്തു. മറ്റുള്ളവരുടെ പ്രശ്നം എന്റെ പ്രശ്നമായി ഏറ്റെടുക്കുന്നവനാകണം വൈദികൻ എന്ന് എന്റെ കുഞ്ഞാടുകളെ മേയിക്ക എന്ന കർത്താവിന്റെ ആഹ്വാനം ഉദ്ധരിച്ചുകൊണ്ട് പ.ബാവാ പറഞ്ഞു. ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസ് അനുഗ്രഹ പ്രഭാഷണം നടത്തി. പതിവുശൈലിയിൽ ഗോഡ് ഓഫ് അഗാപ്പെ, ഗോഡ് ഓഫ് ലൗ, ട്രിനിറ്റി സെന്റേഡ് വർഷിപ്പ് ഇവതന്നെയായിരുന്നു വിഷയം. 93-ാം വയസ്സിലും ചോർന്നുപോകാത്ത ആത്മീയ തീഷ്ണതയും ആവേശവും മറ്റാരിലും കാണാത്തതാണ്. സി.എസ്.ഐ. മദ്ധ്യകേരളാ മഹായിടവകയുടെ ബിഷപ്പ് റൈറ്റ്.റവ.തോമസ് കെ.ഉമ്മനാണ് സമാപന സന്ദേശം നൽകിയത്. ഓർത്തഡോക്സ് സഭയുമായി തനിക്കുള്ള ദീർഘകാല സുഹൃത്ബന്ധം ഗൃഹാതുരത്വത്തോടെ അദ്ദേഹം അയവിറക്കി. പൗരോഹിത്യധർമ്മം പൗരധർമ്മത്തേക്കാൾ ശ്രേഷ്ഠമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. വെളിച്ചം കുറയുകയും അന്ധകാരം കൂടുകയും ചെയ്യുന്ന ഇന്നത്തെ ലോകത്തിൽ ചൂണ്ടുപലകകൾ വായിക്കുവാൻ കഴിയാത്തവർ കാലത്തിന്റെ തുടിപ്പുകൾ മനസ്സിലാക്കുന്ന പട്ടക്കാരല്ല. മതം മരിച്ചു ഇനി സംസ്ക്കാരമേ അവശേഷിക്കുന്നുള്ളു എന്ന് ചിലർ പറയുന്ന ലോകത്ത് ദർശനത്തോടെ മുന്നേറാൻ നമുക്ക് കഴിയണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. തോമസ് മാർ അത്താനാസിയോസ്, മാത്യൂസ് മാർ തീമോത്തിയോസ്, വൈദികട്രസ്റ്റി ഫാ.ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് എന്നിവർ ആശംസാപ്രസംഗം നടത്തി. അസോസിയേഷൻ സെക്രട്ടറി ഡോ.ജോർജ് ജോസഫിന്റെ പേര് നോട്ടീസിലുണ്ടായിരുന്നെങ്കിലും അദ്ദേഹം ഒരു സെഷനിലും കടന്നുവന്നിരുന്നില്ല. ത്രൈവാർഷിക സമ്മേളനത്തിന്റെ ജനറൽ കൺവീനർ ഫാ.സി.കെ.കുര്യൻ സ്വാഗതവും ജനറൽ സെക്രട്ടറി ഫാ.തോമസ് വർഗീസ് അമയിൽ കൃതജ്ഞതയും പറഞ്ഞതോടെ സമാപന സമ്മേളനത്തിനു തിരശ്ശീല വീണു.

പരുമലയിലെ ത്രൈവാർഷിക സമ്മേളനം വൈദികരുടെ സൗഹൃദങ്ങളെ സുദൃഢമാക്കുന്നതും വിചാരങ്ങളെ നവ്യമാക്കുന്നതും സ്വപ്നങ്ങളെ ശോഭയുള്ളതാക്കുന്നതും പരിശ്രമങ്ങളെ ചുണയുള്ളതാക്കുന്നതുമായിരുന്നുവെന്ന് പല പ്രതിനിധികളും അഭിപ്രായപ്പെട്ടു. കാലത്തിന്റെ അടയാളങ്ങളും സൂചനകളും നമ്മെ ഭയപ്പെടുത്തുന്നതിനു പകരം കൂടുതൽ ഒരുക്കുന്നതിനുള്ളതാണെന്ന തിരിച്ചറിവിലേക്ക് ചർച്ചകൾ നയിച്ചു. വളരെ ഭംഗിയായും ചിട്ടയായും സമ്മേളനം ക്രമീകരിച്ച ജനറൽ സെക്രട്ടറിയച്ചനും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച അണിയറ ശിൽപ്പികളും തീർച്ചയായും പ്രശംസ അർഹിക്കുന്നു. ആദ്യാവസാനം നിലനിന്ന അച്ചടക്കവും ഗ്രൂപ്പുചർച്ചകളിലെ സജീവത്വവും സമ്മേളന്തിന്റെ വിജയത്തിന്റെ ഘടകങ്ങളിൽ ചിലതുമാത്രം. സഭയിലെ 33 തിരുമേനിമാരിൽ 24 പേർ പലപ്പോഴായി സമ്മേളനത്തിൽ പങ്കെടുത്തുവെങ്കിലും നോഹയുടെ പെട്ടകത്തിൽനിന്നും പുറത്തുവിട്ട മലങ്കാക്ക ഭൂമിയിൽ വെള്ളം വറ്റുംവരെ പോയും വന്നുകൊണ്ടിരുന്നതുപോലെ (ഉല്പത്തി 8:7) മിക്ക തിരുമേനിമാരും പൂർണ്ണ സമയം പങ്കെടുക്കാതെ പോയും വന്നുംകൊണ്ടിരുന്നു. കോൺഫറൻസിന്റെ വിജയത്തിനുവേണ്ടി രാപകൽ ഭേദമന്യെ അത്യദ്ധ്വാനം ചെയ്ത ഒരുപറ്റം സെമിനാരി വിദ്യാർത്ഥികളുടെ നിസ്വാർത്ഥ സേവനം വിലപ്പെട്ടതായിരുന്നു. പരാതിക്കിടയാക്കാതെ ഏറ്റവും നല്ല ഭക്ഷണം വിവിധ സമയങ്ങളിൽ ക്രമീകരിച്ച പരുമല സെമിനാരി മാനേജർ ഉൾപ്പെടെയുള്ള ടീമും പ്രശംസ അർഹിക്കുന്നു.

ലിറ്റർജിക്കൽ സ്പേസ് ലിറ്റർജിക്കൽ ടൈം തുടങ്ങിയവയൊക്കെ തക്സായുടെ ഭാഗമാണെന്ന് അദ്ദേഹം സമർത്ഥിച്ചു. വി.മദ്ബഹായിൽ നടത്തേണ്ട പല കാര്യങ്ങളും പന്തലിട്ട് വെളിയിൽ നടത്തുന്ന പ്രവണത ശരിയോ? എന്ന ചോദ്യവും അദ്ദേഹം ഉന്നയിച്ചു. അതും രാഷ്ട്രീയ നേതാക്കന്മാരെ പ്രധാന ഇരിപ്പിടങ്ങളിൽ ഇരുത്തിക്കൊണ്ട് പോപ്പുലാരിറ്റി ക്വാളിറ്റിയുടെ തെളിവല്ല. മുക്കിനും മൂലയിലും എല്ലാം തിരുശേഷിപ്പു പ്രതിഷ്ഠ, കുരിശിൻതൊട്ടികുർബ്ബാന, കത്തീഡ്രൽ പ്രഖ്യാപനം തുടങ്ങി ആധുനിക പ്രവണതകളെല്ലാം ക്ലാസ്സിൽ വിശദമായി പ്രതിപാദിക്കുകയുണ്ടായി.

നിരാശാജനകമായ പല അനുഭവങ്ങളുടെ നടുവിലും പ്രത്യാശ നഷ്ടപ്പെട്ടില്ല എന്ന് പരിശുദ്ധാത്മ ശുശ്രൂഷയിൽ ഉദ്ഘോഷിക്കുന്ന വൈദികുടെ ഒരു മഹാസമ്മേളനമായിരുന്നു പരുമലയിൽ നടന്നത്.

## കത്തിപ്പാറത്തടം ..... പേജ് 1–ൽനിന്ന്

ള്ളവർ പള്ളിയിൽ തുടർന്നതിൽ പ്രതിഷേധിച്ച് യാക്കോബായ വിഭാഗം ഗേറ്റ് പൂട്ടുകയായിരുന്നു. സ്ത്രീകളും കുട്ടികളും അടക്കമുള്ള 70-ഓളം പേർ പള്ളിയിലും മുറ്റത്തുമായി കുടുങ്ങി. നാലുമണിക്കൂറിനുശേഷം ജില്ലാ പോലീസ് മേധാവി ജോർജ്ജ് വർഗീസ് നേരിട്ടെത്തി ചർച്ചയ്ക്കുശേഷം ഇവരെ മോചിപ്പിക്കുകയാണുണ്ടായത്. മൂന്നാർ ഡി.വൈ.എസ്.പി. പി.യു.കുറിയാക്കോസ്, ഇടുക്കി ആർ.ഡി.ഒ., പഞ്ചായത്ത് പ്രസിഡന്റ്, ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാർ തുടങ്ങിയവരും സ്ഥലത്തെത്തി. ഇപ്പോൾ സ്ഥിതിഗതികൾ ശാന്തമാണ്.

# ഫാ. രാജു ദാനിയേൽ പൗരോഹിത്യജൂബിലി യുടെ സമർപ്പണ വഴികളിൽ

ബിനോയ് സെബാസ്റ്റ്യൻ

ആത്മീയ ദർശനങ്ങളുടെ തിരിച്ചറിവാണ് മനുഷ്യനെ സത്യാത്മകയിലൂടെ നയിക്കുന്നത്. വി.ബൈബിൾ പ്രപഞ്ചസത്യങ്ങളെ അതീന്ദ്രിയധ്യാനത്തികവോടെ മനുഷ്യജീവിതങ്ങളുടെ പരമശാന്തിക്കും ഉദാത്തതയ്ക്കുമായി അനാവരണം ചെയ്യുന്നു. ആ സത്യത്തെ മനസാ ഉൾക്കൊള്ളുകയും സ്വജീവിതത്തിലൂടെ സഹജർക്കായി പങ്കുവയ്ക്കുകയുംവചനസാക്ഷാത്കാരത്തിനായി സ്വജീവിതം സമർപ്പിക്കുകയും ചെയ്യുന്ന ഡാലസ് സെന്റ് ഗ്രിഗോറിയോസ് മലങ്കര ഓർത്തഡോക്സ് ദേവാലയ വികാരി റവ.ഫാ. രാജു എം.ദാനിയേൽ വിശുദ്ധ ദാനമായി ലഭിച്ച പൗരോഹിത്യജൂബിലിയുടെ നിറവിലാണ്.

കാലം ചെയ്ത ദാനിയേൽ മാർ പീലക്സിനോസിൽ നിന്നും 1984ൽ ശെമ്മാശപട്ടവും 1986ൽ ഫിലിപ്പോസ് മാർ യൗസേബിയസ് തിരുമേനിയിൽ നിന്നും കശീശാപട്ടവും സ്വീകരിച്ച ഫാ.രാജു ദാനിയേൽ 1996ൽ അമേരിക്കയിലെത്തി. അറിയപ്പെടുന്ന സുവിശേഷപ്രഭാഷകനായ അദേഹം കൽക്കട്ട സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ബാച്ചിലർ ഓഫ് ഡിവിനിറ്റി, ജി.എസ്.റ്റി തുടങ്ങിയ ഡിഗ്രികൾ നേടിയിട്ടുണ്ട്. സഭാരംഗത്തു വിവിധ തലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള ഫാ. ദാനിയേൽ തുമ്പമൺ ഭ്രാസന സെക്രട്ടറി, 76 മുതൽ 78 വരെയുള്ള കാലയളവിൽ അഖിലകേരള ബാലജനസഖ്യം ജനറൽ സെക്രട്ടറി, ഓർത്തഡോക്സ് ചർച്ച് മാനേജിംഗ് കമ്മിറ്റിയംഗം, ബാലികാസമാജം വെസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഈ ചെറിയവരിൽ ഒരുവനു ചെയ്യുന്നതെല്ലാം എനിക്കാകുന്നു ചെയ്യുന്നത് എന്ന വിശുദ്ധ മത്തായിയുടെ (25:40) വചനം സമ്പൂർണ്ണാർത്ഥത്തിൽ മനസിലാക്കി ദൈവസേവനം ചെയ്യുന്ന ഫാ.രാജു ദാനിയേൽ തന്റെ ഇടവക ജനതയുടെ സഹകരണത്താൽ ചെറിയവരിൽ ചെറിയവർക്കായി ചെയ്യുന്ന നന്മകൾ ഏറെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. ഉള്ളനാടു ദേവാലയത്തിൽ വികാരിയായിരുന്നപ്പോൾ ആരംഭിച്ച പാർപ്പിടദാനപദ്ധതിയുടെ ഭാഗമായി ഇരുന്നൂറ്റിയമ്പതിലധികം വീടുകൾ ഭവനരഹിതർക്കായി നിർമ്മിച്ചു നൽകിയ അദേഹം വനിതാ സമാജത്തിന്റെ സഹകരണത്തോടെ ദരിദ്രവിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസസഹായപദ്ധതികളും നടപ്പിലാക്കുന്നു. ഇതോടൊപ്പം വിവിധ സേവനസഹായപദ്ധതികളും അച്ചന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. അവികസിതമേഖലയായ ഇടുക്കി ഭദ്രാസനത്തിന്റെ വികസനത്തിനു ധനസഹായം നൽകുന്ന ഫാ. ദാനിയേൽ അവിടെ വിദ്യാഭ്യാസസഹായം, മെഡിക്കൽ സഹായം എന്നിവയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

വടുതല മേലേതിൽ പരേതനായ വി.ജി.ദാനിയേലിന്റെയും ചിന്നമ്മ ദാനിയേലിന്റെയും മകനായി ജനിച്ച ഫാ. രാജു ഉള്ളനാട് സെന്റ് ജോൺസ്, വയലത്തല മാർ സേവേറിയോസ് എന്നീ ദേവാലയ പൂർത്തീകരണത്തിനു നേതൃത്വമേകി. ഡാലസ് എംജിഎം ഓഡിറ്റോറിയം, തുമ്പമൺ എംജിഎം ഓഡിറ്റോറിയം, മല്ലശേരി എംജിഎം ഓഡിറ്റോറിയം എന്നിങ്ങനെ എംജിഎം ഓഡിറ്റോറിയങ്ങളുടെ ഒരു നിര തന്നെ അദേഹത്തിന്റെ കർമ്മ നേതൃത്വത്തിൽ ഒരുങ്ങിയിട്ടുണ്ട്. തുമ്പമൺ പുതിയ അരമനമന്ദിരം, ദാനിയേൽ മാർ പിലക്സിനോസ് സ്മാരകമന്ദിരം എന്നിവയുടെ നിർമ്മാണവും ഇദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു. ഉള്ളനാട്, വയലത്തല, കുരിലയം, മല്ലിശേരി, കുമ്പഴ, മുളന്തറ, വെട്ടിപ്പുറം, നാറാണാംമുഴി തുടങ്ങിയ ദേവാലയങ്ങളിൽ വികാരിയായി വൈദീകസേവനമനുഷ്ഠിച്ച ഫാ.ദാനിയേലിന്റെ സഹധർമ്മിണി വയലത്തല മഠത്തിലേത്ത് പരേതനായ എം.സി.മാത്യുവിന്റെയും മറിയാമ്മ മാത്യുവിന്റെയും മകൾ സാറാമ്മയാണ്. ഡാലസിലെ അമേരിക്കൻ ഇമിഗ്രേഷൻ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്നു. വിദ്യാർത്ഥികളായ ലിജിൻ രാജു, ജൂവൽ രാജു, അഖിൽ രാജു എന്നിവർ മക്കളാണ്.

ഓർത്തഡോക്സ് സഭയുടെ സൗത്ത്വെസ്റ്റ് ഭ്രാസനസഭാ കൗൺസിൽ അംഗമായ ഫാ. രാജു ദാനിയേൽ ഡാലസ് കേരള ക്രിസ്ത്യൻ എക്യുമെനിക്കൽ പ്രസിഡന്റ്, ക്ലർജി ഫെല്ലോഷിപ്പ് പ്രസിഡന്റ് തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സഭയുടെ ഭാഗമായ ഫോക്കസിന്റെയും യുവജനപ്രസ്ഥാനത്തിന്റെയും സൗത്ത്വെസ്റ്റ് റീജിയൺ ഡയറക്ടറാണ്.

ഇടവകജനതയുടെയും ടെക്സസിലെ മുഴുവൻ മലയാളികളുടെയും നിറഞ്ഞ സ്നേഹവും ബഹുമാനവും ആർജിച്ച റവ.ഫാ.രാജു ദാനിയേലിന്റെ വരദാനപ്രിയമായ പൗരോഹിത്യജുബിലിയാഘോഷം ജൂൺ 18, ശനിയാഴ്ച ഗാർലാന്റ് മാർ ഗ്രിഗോറിയോസ് ദേവാലയത്തിൽ രാവിലെ 8.30ന് ആരം ിക്കുന്ന വിശുദ്ധ കുർബാനയോടെ ആരംഭിച്ചു. തുടർന്ന് 11.30് പൊതുസമ്മേളനം. സൗത്ത് വെസ്റ്റ് ഭ്രാസനാധിപൻ അലക്സിയോസ് മാർ യൗസേബിയോസ്, അഹമ്മദാബാദ് ഭ്രാസനാധിപൻ ഗീവർഗീസ് മാർ യൂലിയോസ്, സാമൂഹ്യസാംസ്ക്കാരികപ്രമുഖർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

തിരുവചനദർശനവഴികളിലൂടെ ക്രിസ്തു പഠിപ്പിച്ച സ്നേഹപാഠങ്ങൾ സ്വജീവിതത്തിന്റെ നാൾതാളുകളിൽ മായാതെ കുറിച്ചിട്ട് കരുണയുടെ ഹസ്തങ്ങൾ വേദനിക്കുന്ന സഹജന്മങ്ങൾക്കായി നീട്ടുന്ന ഫാ.ദാനിയേലിന്റെ പൗരോഹിത്യ ജൂബിലിയിൽ ആഴ്ചവട്ടം വാർത്താ വാരികയും ഇടമുറിയാത്ത സന്തോഷത്തോടെ പങ്കുചേരുന്നു. ഹൃദയം നിറഞ്ഞ ജുബിലിയാശംസകൾ!

## ദിവ്യബോധനം പദ്ധതി ഉദ്ഘാടനം ചെയ്തു

റാന്നി : നിലയ്ക്കൽ ഭദ്രാസനം ദിവ്യബോധനം പദ്ധതിയുടെ ഭദ്രാസന തല ഉദ്ഘാടനം ജൂൺ 26നു ഞായറാഴ്ച ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ കനകപ്പലം സെന്റ് ജോർജ് വലിയപള്ളിയിൽവെച്ച് നടത്തി. ദിവ്യബോധനം പഠനപദ്ധതിയിൽ ചേർന്ന് മുമ്പു പഠിച്ചിട്ടുള്ളവരും, ഇപ്പോൾ പഠിക്കുന്നവരും, പഠനം ആരംഭിക്കാൻ ആഗ്രഹിക്കുന്നവരുമായ നൂറ്റമ്പതോളം വിദ്യാർത്ഥികൾ വന്നു സംബന്ധിച്ചു. നിലയ്ക്കൽ ഭദ്രാസനാധിപൻ ഡോ.ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം നിർവ്വഹിച്ചു.

## മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ ഛത്തീസ്ഗഡ് ജെയിൽ സന്ദർശിച്ചു

ഛത്തീസ്ഗഡ് : കൽക്കത്താ ഭദ്രാസനാധിപൻ ഡോ.ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ ഛത്തീസ്ഗഡ് സെൻട്രൽ ജയിൽ സന്ദർശിച്ചു. ജീവിതത്തിലുണ്ടായ തെറ്റുകളെപ്പറ്റി പശ്ചാത്തപിക്കുവാനും ദൈവത്തിനും മനുഷ്യർക്കും കൊള്ളാവരുന്നവരായി രാജ്യത്തിന്റെ നല്ല പൗരന്മാരായി തുടർന്നുള്ള സമയം ജീവിക്കുവാനും തടവുകാരെ അഭിസംബോധന ചെയ്തുകൊണ്ട് തിരുമേനി പറഞ്ഞു.

# ഇടയന്റെ താക്കീത്

റോയി ചാക്കോ ഇളമണ്ണൂർ

സഭയുടെ വസ്തുവിൽ നിൽക്കുന്ന തെങ്ങിൽ നിന്ന് സഭയുടെ സ്കൂളിന്റെ മേച്ചിലോടിന്മേൽ ഇടയ്ക്കിടയ്ക്ക് തേങ്ങ വീണ് ഓട് പൊട്ടുന്നു എന്ന പരാതിയുമായി, സ്കൂൾ ചുമതലപ്പെടുത്തിയ ഒരധ്യാപകൻ തെങ്ങിന്റെ ഇപ്പോഴത്തെ മേൽനോട്ടക്കാരൻ കൂടിയായ ഭദ്രാസന അധിപന്റെ മുൻപിൽ ചെന്നു.

ഭദ്രാസനാധിപൻ പരമപാവം എന്നു പരക്കെ പേരെടുത്തിട്ടുള്ളതിനാൽ തെങ്ങ് മുറിച്ചു കളയണം എന്ന ആവശ്യം ഉടനടി പാസാക്കിത്തരുമെന്ന് അധ്യാപകൻ ചിന്തിച്ചു. വാദം ഉന്നയിച്ചു.

ശാന്തനും നല്ലൊരു സന്യാസിയുമെന്ന് വിശ്വാസികൾ അംഗീകരിക്കുകയും ചെയ്തിട്ടുള്ള ബിഷപ്പിന്റെ അപ്രതീക്ഷിതമായ ദേഷ്യഭാവം കണ്ട് അധ്യാപകൻ ഞെട്ടി. പല പ്രാവശ്യം ബിഷപ്പിനെ കണ്ട് സംസാരിച്ചിട്ടുള്ള അധ്യാപകന് അപരിചിതമായ ഒരു മുഖമാണ് പ്രകൃതി സ്നേഹികൂടിയായ ബിഷപ്പിലപ്പോൾ കണ്ടത്.

പിതാക്കന്മാർ നട്ടുവളർത്തിയ തെങ്ങ് മുറിച്ചു നശിപ്പിക്കുവാൻ വളരെ എളുപ്പമാണ്. ഇനിയും അതുപോലൊരു തെങ്ങ് വളർത്തിയെടുക്കാൻ നിങ്ങളെക്കൊണ്ടാകുമോ? പരിസ്ഥിതിയെ നശിപ്പിക്കാനല്ല പരിപാലിക്കാനാണ് ശ്രമിക്കേണ്ടത് - തിരുമേനി ഉപദേശിച്ചു. ആയതിനാൽ ഇനി ഈ ആവശ്യം പറഞ്ഞ് മേലാൻ എന്നെ സമീപിക്കുകയുമരുത്. ഇടയൻ കർശനമായ താക്കീത് നൽകി.

തേങ്ങ ഇടേണ്ട സമയത്ത് തേങ്ങവെട്ടുകാരെ വിളിച്ച് ഇടീക്കണം. ചെയ്യേണ്ട ജോലി ചെയ്യേണ്ട സമയത്ത് ചെയ്യാതിരിക്കുന്നതുകൊണ്ടല്ലയോ ഉണക്കതേങ്ങ കൊഴിഞ്ഞുവീണ് ഓടുപൊട്ടുന്നത്. തിരുമേനിയുടെ ഈ ചോദ്യം അദ്ധ്യാപകന് അടികിട്ടിയതുപോലെയായി.

വാദപ്രതിവാദങ്ങളിൽ താൽപര്യമുള്ള അദ്ധ്യാപകൻ വിട്ടുകൊടുക്കാൻ ഭാവമില്ല. വെള്ളക്കാ വീണും ഓടുപൊട്ടുന്നുണ്ട്. വാദത്തിൽ വിജയിച്ച മാതിരി അദ്ധ്യാപകൻ തട്ടിവിട്ടു.

ബുദ്ധിയുള്ള ബിഷപ്പ് ഉടനടി പരിഹാരം നിർദ്ദേശിച്ചു. അത്രയും ഭാഗത്ത് നിങ്ങൾക്ക് നെറ്റുകെട്ടാം. സ്ക്കൂളിന്റെ ഓടിനെ അങ്ങനെ രക്ഷിക്കാം. വളരെ കായ്ഫലം തരുന്ന ആ കല്പക വൃക്ഷത്തെ വെട്ടിനശിപ്പിക്കാൻ ഞാൻ അനുമതി നൽകുകയില്ല. കാലംചെയ്ത ഒരു ബിഷപ്പ് നട്ടുവളർത്തിയമരമാണെന്നോർക്കണം. അതല്ലാ നിങ്ങൾക്ക് അത് മുറിച്ചേ പറ്റൂ എന്നുണ്ടെങ്കിൽ നേരിട്ട് കോട്ടയത്തു ചെല്ലുക. കാതോലിക്കാ ബാവായുടെ കല്പന വാങ്ങിച്ചുകൊണ്ടുവരിക. തിരുമേനി പറഞ്ഞുനിർത്തി.

ഒരു മരം മുറിക്കാൻ അനുവാദത്തിന് വേണ്ടി കാതോലിക്കാ ബാവായുടെ കല്പന വാങ്ങാൻ പോകുന്ന ചെലവിന്റെ നാലിൽ ഒന്നു തുകമതി പത്തുവർഷത്തേക്ക് ഓടുമാറിയിടാൻ എന്ന കാര്യം അദ്ധ്യാപകർക്കറിയാം എന്നതിനാലായിരിക്കാം ബിഷപ്പ് ആ നിർദ്ദേശം മുന്നോട്ടുവെച്ചത്. ഇതിനായി ദേവലോകത്തുനിന്ന് ഒരിക്കലും ഒരു ബിഷപ്പിന്റെ നിർദ്ദേശത്തെ മാനിക്കാതെ അനുവാദം ലഭിക്കില്ലെന്ന് അദ്ധ്യാപകർക്കും അറിയാം.

കുട്ടികളുടെ തലയിൽ പൊട്ടിയ ഓടിൻകഷണങ്ങളും വെള്ളയ്ക്കായും വീഴാതിരിക്കാൻ തിരുമേനി നിർദ്ദേശിച്ചതുപോലെ വലകെട്ടും എന്നു നമുക്ക് കരുതി ആശ്വസിക്കാം.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

സിസി ജെയിംസ് കിഴൂർ കുന്നംകുളം


**അഡ്മിഷൻ 2011-2012**

**ബാംഗ്ലൂരും പരിസരത്തുമുള്ള പ്രശസ്തവും നല്ല വിജയശതമാനവുമുള്ള കോളജുകളിൽ വിവിധ കോഴ്സുകളിലേക്ക് കോളജുകളിൽ നേരിട്ട് ബന്ധപ്പെടുത്തി അഡ്മിഷൻ വാങ്ങികൊടുക്കുന്നതാണ്.**

**No Donation and Less fees**

**Fees Direct to College**

**Course**

**B.Sc.Nursing, GNM, M.Sc.Nursing, PC BSc Nursing with KNC & INC (with hospital), Engineering (all branches) MBBS, BDS, B.Pham, D.Pham, BPT, Pham D, M.Tech, Bio-Technology, BCA, BBM, BHM, MCA, MBA, B.Ed, Multmedia, Physical Education (Degree & Dploma) courses and any other courses.**

**For Admission Contact :**

**K.C.Raju, 63,4th Cross, Vinayaka Layout II Stage, Kempapura, Hebbal, Banglore -24 Phone : 080-23434282, 09448507035**

# ശതാബ്ദി ആഘോഷിക്കുന്ന കാതോലിക്കേറ്റ്.... പേജ് 1–ൽനിന്ന്

## ഇനിയും ദൂരങ്ങൾ പിന്നിടണം......

1912–ൽ നടന്നത് കാതോലിക്കാ പുനസ്ഥാപനമാണ് എന്ന് പറയുമ്പോഴും തിഗ്രീസിലെ കാതോലിക്കാ സ്ഥാനം മലങ്കരയിലേക്ക് മാറ്റി സ്ഥാപിക്കുകയായിരുന്നു എന്ന് പറയുമ്പോഴും മലങ്കരയിലെ കാതോലിക്കാ പൗരസ്ത്യദേശത്തെ 91–ാം കാതോലിക്കാ ആണെന്നു പറയുമ്പോഴും പാത്രിയർക്കാ വാഴ്ചയ്ക്ക് കാതോലിക്കായെ ഔദ്യോഗികമായി ക്ഷണിക്കണമെന്ന് പറയുമ്പോഴും കാതോലിക്കാ സ്ഥാനത്തെ മഫ്രിയാനാ സ്ഥാനമായി നാം തന്നെ പരിമിതപ്പെടുത്തുന്നു. ഇതാണ് സഭയുടെ ഔദ്യോഗിക നിലപാട്. 1912–ലെ അവസ്ഥയിൽനിന്ന് കാര്യമായി മുന്നോട്ടുപോകുവാൻ സാധിക്കാത്തതുകൊണ്ടാണ് ഈ അവസ്ഥ നിലനിൽക്കുന്നത്. ശതാബ്ദി ആഘോഷിക്കുന്ന കാതോലിക്കേറ്റ് യഥാർത്ഥ കാതോലിക്കേറ്റാകണമെങ്കിൽ ഇനിയും ദൂരങ്ങൾ പിന്നിടണം.

പാടില്ല. മറിച്ചുചെയ്താൽ പൗരസ്ത്യർക്കു തനിയെ മഫ്രിയാനെ വാഴിക്കാൻ സാധിക്കും. സുന്നഹദോസിന്റെ അദ്ധ്യക്ഷനാണോ മഫ്രിയാനാണോ പാത്രിയർക്കീസിന്റെമേൽ കൈവെപ്പ് നടത്തേണ്ടത് എന്നതിനെക്കുറിച്ച് : പാശ്ചാത്യർ രണ്ടു മെത്രാന്മാരെയും പൗരസ്ത്യർ രണ്ടു മെത്രാന്മാരെയും തെരഞ്ഞെടുക്കണം. ഈ നാലു മെത്രാന്മാരുംകൂടി തീരുമാനിക്കുന്ന വ്യക്തി കൈവെപ്പ് നടത്തണം”.

ഇത് ഹൂദായ കാനോനിൽ ചേർത്തിട്ടുള്ള വ്യവസ്ഥയാണ്. ഈ വ്യവസ്ഥ മലങ്കരയിലെ കാതോലിക്കായ്ക്ക് ബാധകമാണെന്നു പറയുമ്പോൾ മലങ്കരയിലെ കാതോലിക്കാ മഫ്രിയാനാ ആണെന്നു സമ്മതിക്കുകയല്ലേ ചെയ്യുന്നത്. വട്ടശ്ശേരിൽ തിരുമേനി ചെയ്തത് അതാണ്.

### കമ്പിയും കത്തും

ഈ വ്യവസ്ഥ പൂർണ്ണമായും ഉൾക്കൊണ്ടാണ് കഴിഞ്ഞ ലക്കത്തിൽ ഞാൻ പറഞ്ഞതുപോലെ 1932–ൽ വട്ടശ്ശേരിൽ തിരുമേനി മാർ അപ്രേം സേവേറിയോസിന് ആദ്യം കമ്പിയടിക്കുകയും പിന്നീട് കത്തെഴുതുകയും ചെയ്യുന്നത്.

“ഏലിയാസ് തൃതീയന്റെ സ്ഥാനത്തേക്ക് ആളെ തെരഞ്ഞെടുക്കുന്നതിന് സുന്നഹദോസ് വളരെ താമസിക്കാതെ ചേരാനിടയുണ്ട്. അതിൽ സംബന്ധിക്കുന്നതിന് മലങ്കരയ്ക്കുള്ള അവകാശവും ഇവിടുത്തെ മേൽപട്ടക്കാരെ ക്ഷണിക്കേണ്ടതിന്റെ ആവശ്യവും, പരദേശത്തെ മേൽപട്ടക്കാരെ മുൻകൂട്ടി അറിയിച്ചാൽ ഒരു സമയം കുഴപ്പങ്ങൾക്കിടയാകാതെ കഴിഞ്ഞേക്കാം എന്ന് മാർ ദീവന്നാസിയോസ് വിചാരിച്ചു. അദ്ദേഹം 1932 ഫെബ്രുവരി പത്താംതീയതി യെറുശലേം മെത്രാന് ഒരു കമ്പി സന്ദേശം അയച്ചു:– കാതോലിക്കോസും മലബാർ മജിലീസും ചേരാതെ പാത്രിയർക്കീസിനെ തെരഞ്ഞെടുത്താൽ അത് മലങ്കരസഭ അംഗീകരിക്കുന്നതല്ല. മറ്റുള്ള ബിഷപ്പന്മാരെയും ദയവായി അറിയിക്കണം – എന്നായിരുന്നു കമ്പിവാചകം

ഈ വാചകത്തിൽതന്നെ ആലപ്പോയിലെ അത്താനാസിയോസിനും കമ്പിയടിച്ചു. എന്നാൽ അതിന്റെ അവസാനത്തിൽ സേവേറിയോസിനെയും മറ്റു ബിഷപ്പന്മാരെയും, മൂലസിലും അറിയിക്കണമെന്നാണ് ചേർത്തിരിക്കുന്നത്. ഈ കമ്പിസന്ദേശത്തെ സ്ഥിരീകരിച്ച് മാർ ദീവന്നാസിയോസ് 1932 മാർച്ച് 7–ാം തീയതി ഒരു കത്തെഴുതി. പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പിൽ പങ്കുവഹിക്കുന്നതിന് മലങ്കരയ്ക്കുള്ള അവകാശം അംഗീകരിക്കപ്പെടുകയും, അങ്ങനെതങ്ങൾ ഭാഗഭാക്കുകളാകുകയും ചെയ്യാത്ത തെരഞ്ഞെടുപ്പിനെ മലങ്കര സ്വീകരിക്കുന്നതല്ലെന്ന് അതിൽ കാണിച്ചിരുന്നു. ആലപ്പോയിലെ തോമ്മാ, യെറുശലേമിലെ ഗ്രിഗോറിയോസ്, മർദ്ദീനിലെ ഈവാനിയോസ് എന്നീ മെത്രാന്മാർക്ക് കത്തിന്റെ പ്രതികൾ അയച്ചുകൊടുത്തു.” (zmp IV 793).

സമുദായക്കേസിൽ ഹാജരാക്കപ്പെട്ടിട്ടുള്ള ആ കത്തിലെ പ്രസക്തഭാഗങ്ങൾ ഉദ്ധരിക്കാം:–

പ.ഏലിയാസ് പാത്രിയർക്കീസ് മഞ്ഞനിക്കരയിൽ കബറടങ്ങിയപ്പോൾ “കൈമാഖാനായിച്ചുമതലയേറ്റ മാർ അപ്രേം സേവേറിയോസ് മെത്രാപ്പോലീത്തായുടെ പേർക്ക് മലങ്കരയുടെ സിറിയൻ മെത്രാപ്പോലീത്താ മാർ ഗീവർഗീസ് ദീവന്നാസിയോസിൽനിന്ന്” എന്ന് ആരംഭിക്കുന്ന കത്ത്.

അഭിവന്ദ്യനെ,

അങ്ങ് സസുഖം വസിക്കുന്നു എന്ന് നാം വിശ്വസിക്കുന്നു. 1932 ഫെബ്രുവരി 29ന് താഴെ പറയുന്നപ്രകാരം ഒരു കമ്പി അങ്ങേയ്ക്ക് അയച്ചിരുന്നത് ഇതിനാൽ ഞാൻ സ്ഥിരീകരിക്കുന്നു. “മലബാർ മജിലീസും കാതോലിക്കായും ഭാഗഭാക്കാകാതെയുള്ള പാത്രിയർക്കാ തെരഞ്ഞെടുപ്പ് മലങ്കരസഭ അംഗീകരിക്കുന്നതല്ല”. നിങ്ങളുടെ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ഈ നാട്ടിൽവെച്ച് സങ്കടകരമായി കാലംചെയ്തതിന്റെ ഫലമായിരുന്നു ഈ കമ്പി. മലങ്കരയുള്ള ഞങ്ങൾ ആ ദുഃഖസംഭവത്തിൽ കഠിനമായി ഖേദിക്കുകയും അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മലങ്കരയിലെ വൈദിക മേധാവികൾക്കോ ഈ സഭയ്ക്കോ യാതൊരു അറിവും കൊടുക്കാതെയും അവരെ തെരഞ്ഞെടുപ്പിൽ സംബന്ധിപ്പിക്കാതെയും നിങ്ങൾ ഏലിയാസ് പാത്രിയർക്കീസിനെ തെരഞ്ഞെടുത്തു. ആ കാരണത്താൽ അദ്ദേഹത്തെ ന്യായമായി തെരഞ്ഞെടുക്കപ്പെട്ട പാത്രിയർക്കീസായി അംഗീകരിക്കാൻ സമുദായത്തിലെ ഗണ്യമായ വിഭാഗം വിസമ്മതിക്കുന്നു. ഏതാദൃശ നടപടി ആവർത്തിക്കുന്നതിനാലും തൻനിമിത്തം നിങ്ങളും മലങ്കരസഭയും തമ്മിലുള്ള ബന്ധം ഹനിക്കുന്നതിനാലും വരുന്ന ആപത്തിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കണമെന്നുള്ളതായിരുന്നു നമ്മുടെ കമ്പിയുടെ ഉദ്ദേശ്യം............. (തുടർന്ന് അബ്ദള്ളാ പാത്രിയർക്കീസിന്റെയും അബ്ദേദ് മ്ശിഹാ പാത്രിയർക്കീസിന്റെയും കാര്യങ്ങൾ കത്തിൽ പരാമർശിക്കുന്നു.)

..................അധികം താമസിയാതെ അബ്ദേദു മ്ശിഹാ മലങ്കര സന്ദർശിക്കുകയും......... സുന്നഹദോസിൽ അദ്ധ്യക്ഷനായ അദ്ദേഹംതന്നെ സ്ഥലത്തെ ഒരു മെത്രാനെ പൗരസ്ത്യ കാതോലിക്കാ ആയി അഭിഷേകം ചെയ്തു. അദ്ദേഹം ഇവിടെ മെത്രാപ്പോലീത്തന്മാരെ വാഴിക്കുകയും ചെയ്തു. ക്രമാനുഗതമായി മൂന്നാമത്തെ കാതോലിക്കാ – മോറാൻ മാർ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയനാണ് ഇപ്പോൾ കാതോലിക്കാ സിംഹാസനത്തിൽ വാഴുന്നത്...................(തുടർന്ന് സമുദായകേസിന്റെ കാര്യം പരാമർശിച്ചശേഷം എഴുതുന്നു)

....................അതിനകം കാതോലിക്കായോടും മലങ്കര മെത്രാപ്പോലീത്തായോടും മറ്റു മെത്രാന്മാരോടും ഈ നാട്ടിലെ ജനങ്ങളോടും ആലോചിക്കാതെയും അവരുടെ ആനുകൂല്യം കൂടാതെയും പരേതനായ ഏലിയാസ് പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുവാൻ നിങ്ങൾക്ക് ഇഷ്ടം തോന്നി. ഞങ്ങൾ പ്രകൃത്യാ ഇതിനെ എതിർക്കുകയും അദ്ദേഹത്തെ പാത്രിയർക്കീസായി അംഗീകരിക്കാതിരിക്കുകയും ചെയ്തു....... ഏലിയാസ് പാത്രിയർക്കീസ് സദുദ്ദേശത്തോടാണ് വന്നത് എന്നുള്ളതും നമുക്ക് സംശയമില്ല. ഈ നാട്ടിൽ സമാധാനവും ഐക്യവും സ്ഥാപിക്കാൻ അദ്ദേഹം ആഗ്രഹിക്കുകയും ചെയ്തു. മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ നമ്മെ സ്വീകരിക്കുകയും നമ്മോട് പെരുമാറുകയും നാം അദ്ദേഹത്തിന്റെ വലത്തുകയ്യാണെന്ന് പരസ്യപ്രസ്താവന ചെയ്യുകയും ചെയ്തു........ അദ്ദേഹം കാലം ചെയ്തു.

..............മലങ്കസഭയുടെ പലവിധത്തിലുള്ള പ്രാധാന്യം പരിഗണിച്ച് പുരാതനമായ കാതോലിക്കാസ്ഥാപനം ഇവിടെ പുനർജ്ജീവിപ്പിക്കണമെന്ന് ഞങ്ങൾ വിചാരിച്ചു. പാത്രിയർക്കാ സിംഹാസനം പല സ്ഥലങ്ങളിൽ മാറ്റപ്പെട്ടിട്ടുണ്ട്. മലങ്കരസഭയും അനേക നൂറ്റാണ്ടുകാലങ്ങളിൽ ഭരണ സീമയിൽ ഉൾപ്പെട്ടിരുന്ന കാതോലിക്കാസ്ഥാപനം ഈ രാജ്യത്തേക്ക് മാറ്റിസ്ഥാപിച്ചതിൽ അയോഗ്യത ഒന്നും ഇല്ലായിരുന്നു. അബ്ദൽ മ്ശിഹാ പാത്രിയർക്കീസ് അതിനെയും അതിന്റെ തുടർച്ചയെയും അനുവദിക്കുകയും അനുഗ്രഹിക്കുകയും അദ്ദേഹം തന്നെ ഒന്നാമത്തെ കാതോലിക്കായെ അവരോധിക്കുകയുംചെയ്തു.

.........നിങ്ങളുടെ നാട്ടിൽ നിങ്ങളും ഈ രാജ്യത്തു ഞങ്ങളും ഉന്നതത്തിൽനിന്നു നടത്തപ്പെടണമെന്നും നമ്മൾ ഇരുകൂട്ടരും വണക്കത്തോടും വിശ്വാസത്തോടും ആ നടത്തിപ്പിനെ അനുഗമിപ്പാൻ മനസ്സും സന്നദ്ധതയും ഉള്ളവർ ആയിത്തീരണമെന്നും നാം പ്രാർത്ഥിക്കുന്നു.

ക്രിസ്തുവിൽ അങ്ങയുടെ

മാർ ദീവന്നാസിയോസ് ഗീവർഗീസ് മലങ്കര മെത്രാപ്പോലീത്താ (ഒപ്പ്)

സിറിയൻ സെമിനാരി കോട്ടയം

1932 മാർച്ച് 7

പാത്രിയർക്കാ തെരഞ്ഞെടുപ്പിന് മലങ്കരയിലെ കാതോലിക്കായെയും ക്ഷണിക്കണമെന്നാണ് വട്ടശ്ശേരിൽ തിരുമേനിയുടെ ആവശ്യം. മലങ്കരസഭയും അന്ത്യോഖ്യൻ സുറിയാനിസഭയും രണ്ടല്ല. ഒരു പാത്രിയർക്കീസും ഒരു മഫ്രിയാനായുമെ (കാതോലിക്കായും) ഉള്ളു. കാതോലിക്കാ വാഴ്ചയ്ക്ക് പാത്രിയർക്കീസും പാത്രിയർക്കാ വാഴ്ചയ്ക്ക് കാതോലിക്കായും ഉണ്ടായിരിക്കണമെന്നാണ് വട്ടശ്ശേരിൽ തിരുമേനിയുടെ ആവശ്യം.

ആ ഒരു ആവശ്യം ഉന്നയിക്കാനുള്ള അവകാശം മലങ്കരസഭയ്ക്ക് ഉണ്ടാകുന്നത് മലങ്കരയിലെ കാതോലിക്കാ മഫ്രിയാനാ ആണ് എന്ന് അംഗീകരിക്കുമ്പോൾ മാത്രമാണ്.

വട്ടശ്ശേരിൽ തിരുമേനിയും മലങ്കരസഭയും ശക്തമായി ഈ ആവശ്യം ഉന്നയിച്ചെങ്കിലും സുറിയാനിസഭയിലെ മെത്രാന്മാർ ഒന്നിച്ചുനിന്ന് അത് തിരസ്ക്കരിച്ചു. “പാത്രിയർക്കാ തെരഞ്ഞെടുപ്പ് നവംബർ 14–ാം തീയതി സിറിയായിലെ ഹോംസിൽവെച്ച് നടത്തണമെന്ന് അവർ നിശ്ചയിച്ചു. അപ്രേം സേവേറിയോസ് ഒരു കത്തുമൂലം മാർ ദീവന്നാസിയോസിനെ അതിലേക്ക് വ്യക്തിപരമായി ക്ഷണിക്കുകയും ചെയ്തു. ആലുവായിലെ മാർ അത്താനാസിയോസിനും ഇതുപോലെ ഒരു കത്ത് ലഭിച്ചിരുന്നു. കത്ത് കിട്ടിയ വിവരം കാണിച്ച്, ലണ്ടനിൽ മലങ്കരയ്ക്കും അന്ത്യോഖ്യായ്ക്കും ഇടയിൽ ഒരുതരം ഒരു മദ്ധ്യസ്ഥൻ എന്ന നിലയിൽ കഴിഞ്ഞുവന്നിരുന്ന സിറിയാക്കാരൻ ഡോ.ഭാഭായ്ക്ക് ദീവന്നാസിയോസ് ഒരു കമ്പി 108 തുലാം മൂന്നാം തീയതി അയച്ചു. അദ്ദേഹത്തിന്റെ സെക്രട്ടറി മണലിൽ യാക്കോബ് ശെമ്മാശ്ശൻ എല്ലാ വിവരങ്ങളും കാണിച്ചും യൂലിയോസ് മെത്രാനെ വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിച്ചും ഒരു കത്തും അയച്ചു. സാമാന്യം ദീർഘമായ ആ കത്ത് മാർ ദീവന്നാസിയോസിന്റെ ഡയറിയിൽ 1108–ൽ 68 എന്ന നമ്പർ കൊടുത്ത് ചേർത്തിട്ടുള്ളതുകൊണ്ട് അത് ഒരു ഔദ്യോഗിക രേഖയായിട്ടാണ് ഗണിച്ചിരുന്നതെന്ന് വ്യക്തമാണ്. കത്തിന്റെ ചുരുക്കം:– പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പിന് സുന്നഹദോസ് കൂടുന്ന സമയത്ത് മാർ ദീവന്നാസിയോസ്, അത്താനാസിയോസ്, യൂലിയോസ് എന്നിവർ ഒരുമിച്ച് ചെല്ലണമെന്ന് സിറിയായിൽനിന്ന് അറിയിപ്പുലഭിച്ചിട്ടുണ്ട്. അതിലെ വാചകങ്ങൾ മലങ്കരസഭ ഒട്ടുക്ക് അഭിമാനക്ഷയവും അതൃപ്തിയും ജനിപ്പിക്കുന്നതാകകൊണ്ടും, മലങ്കരയിലെ മറ്റുള്ള മേൽപട്ടക്കാരെ ക്ഷണിക്കുകയോ, മജിലീസിനെ (മാനേജിംഗ് കമ്മിറ്റി) അറിയിക്കുകയോ അറിയിക്കണമെന്ന് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ലാത്തതുകൊണ്ടും സഭയുടെ സമാധാനത്തിന് കാംക്ഷിച്ചിരിക്കുന്ന ദീവന്നാസിയോസ് മെത്രാപ്പോലീത്തായ്ക്ക് ഇത് ഖേദകാരണമായി ഭവിച്ചിരിക്കുന്നു. അദ്ദേഹം തെരഞ്ഞെടുപ്പിൽ സംബന്ധിക്കാൻ പോകുന്നില്ല”.

മലങ്കര അന്ത്യോഖ്യൻ ബന്ധം നിലനിൽക്കുന്നത് പാത്രിയർക്കീസ് മഫ്രിയാനാ സ്ഥാനങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് എന്നു സൂചിപ്പിക്കുന്നതാണ് പാത്രിയർക്കാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് മാർ ദീവന്നാസിയോസിന്റെ ഭാഗത്തുനിന്ന് ഉണ്ടായ പ്രതികരണങ്ങൾ.

വട്ടശ്ശേരിൽ തിരുമേനി അപ്രേം സേവേറിയോസിന് 1932 ഒക്ടോബർ 21–ാം തീയതി 70–ാം നമ്പറായി അയച്ച കത്തിന്റെ ഉള്ളടക്കം പരിശോധിക്കുമ്പോഴും ഈ സംഗതി കുറേക്കൂടി വ്യക്തമാകുന്നതാണ്. ഇംഗ്ലീഷിൽ എഴുതിയ ആ കത്തിന്റെ പകർപ്പ് അദ്ദേഹത്തിന്റെ ഡയറിയിലുണ്ട് (ഈഅപ്രേം സേവേറിയോസാണ് തെരഞ്ഞെടുപ്പിൽ വിജയിച്ച് അപ്രേം പ്രഥമൻ എന്ന പേരിൽ പാത്രിയർക്കീസായത്). കത്തിന്റെ ഉള്ളടക്കം:– പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുന്നതിന് തെസറീൻ മാസം ആദ്യം നടത്തുന്ന സുന്നഹദോസിന് എന്നെ ക്ഷണിക്കുന്നതായി യെറുശലേമിൽനിന്നുള്ള ഇലൂൽ മാസം 11–ാം തീയതിയിലെ കത്തുകിട്ടി. കാതോലിക്കോസിനെയും ഇവിടുത്തെ മെത്രാപ്പോലീത്തന്മാരെയും ക്ഷണിച്ചിട്ടില്ല. അന്ത്യോഖ്യൻ സിംഹാസനം സംബന്ധിച്ച കാര്യങ്ങളിൽ അവിടുത്തെ മജിലീസിനു തുല്യമായ സ്ഥാനം ഇവിടുത്തെ മജിലീസിനുണ്ടെന്നു പത്രോസ് തൃതീയൻ പാത്രിയർക്കീസ് (മുളന്തുരുത്തി) സുന്നഹദോസിൽവെച്ചുതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങനെയുള്ള മജിലീസിനെ വിവരം ധരിപ്പിക്കണമെന്നുപോലും കത്തിൽ ആവശ്യപ്പെട്ടിട്ടില്ല. എന്നെയും മാർ അത്താനാസിയോസിനെയും അങ്ങയുടെ മര്യാദകൊണ്ടും സമാധാനകാംക്ഷകൊണ്ടും മാത്രമാണ് വ്യക്തിപരമായ നിലയിലെങ്കിലും ക്ഷണിച്ചിരിക്കുന്നത്, തെരഞ്ഞെടുപ്പിൽ ഭാഗഭാക്കാകുന്നതിന് എനിക്ക് അവകാശമുണ്ടെന്നു വിചാരിച്ചിട്ടല്ല എന്നു ഊഹിക്കേണ്ടതായി വന്നിരിക്കുന്നു. എന്നാൽ ഇവിടുത്തെ സഭയുടെ അധികാരാവകാശങ്ങൾ പൂർണ്ണമായും അവഗണിച്ചാൽ അവിടുത്തെ ഉത്തമമായ ലക്ഷ്യം – സമാധാനം – പ്രാപിക്കാൻ സാധിക്കാതെ വരുമെന്ന് ധരിക്കാത്തതെന്തുകൊണ്ടെന്നു മനസ്സിലാക്കാൻ കഴിയാതെ വരുന്നില്ല. സഭയിൽ സമാധാനം ഉണ്ടാകണമെന്നുള്ള വാഞ്ഛകൊണ്ട് വളരെ ബുദ്ധിമുട്ട് സഹിച്ച് മർദ്ദീനിൽപോയി ഏലിയാസ് പാത്രിയർക്കീസിനെ കണ്ട് സമാധാനം സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ചർച്ച ചെയ്ത ഞാൻ ഇന്നും സമാധാനത്തിനു അതിയായി ആഗ്രഹിക്കുന്നു:

മാർ ദീവന്നാസിയോസിന്റെ കമ്പിയും കത്തും അഭിപ്രായങ്ങളും പൂർണ്ണമായി അവഗണിക്കപ്പെട്ടു. ദീവന്നാസിയോസിനെ വ്യക്തിപരമായി ക്ഷണിച്ച അപ്രേം സേവേറിയോസിനെ പാത്രിയർക്കീസായി തെരഞ്ഞെടുത്തിരിക്കുന്നു എന്നുള്ള വിവരം കാണിച്ച് 1933 ഫെബ്രുവരി 13–ാം തീയതി മാർ യൂലിയോസ് മെത്രാപ്പോലീത്താ മാർ ദീവന്നാസിയോസിന് കമ്പിസന്ദേശം അയച്ചു.

### എന്തുകൊണ്ട് മലങ്കരയെ ക്ഷണിച്ചില്ല

അക്കാലത്തെ പാത്രിയർക്കാ തെരഞ്ഞെടുപ്പിനും വാഴ്ചയ്ക്കും കാതോലിക്കായെ ക്ഷണിക്കാൻ എന്തുകൊണ്ട് പാത്രിയർക്കീസ് തയ്യാറായില്ല എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. എന്നാൽ ക്ഷണിക്കാത്തതിന് പാത്രിയർക്കീസിന് വ്യക്തമായ കാരണം ഉണ്ട്.

1912–ൽ അബ്ദേദു മ്ശിഹാ മലങ്കരയിൽ സ്ഥാപിച്ച കാതോലിക്കേറ്റ് അഥവാ മഫ്രിയാനേറ്റിനെ അന്ത്യോഖ്യൻ സുറിയാനിസഭ അംഗീകരിച്ചിരുന്നില്ല. 1958–ലെ സുപ്രീംകോടതിവിധിക്കുശേഷം മാത്രമാണ് കാതോലിക്കാ സ്ഥാനത്തെ പാത്രിയർക്കീസ് ഔദ്യോഗികമായി സ്വീകരിക്കുന്നത്. അപ്പോൾ അതിനു മുമ്പു നടന്ന പാത്രിയർക്കാ വാഴ്ചയ്ക്ക് കാതോലിക്കായെ ക്ഷണിക്കേണ്ട ആവശ്യമില്ല എന്നു തന്നെയായിരുന്നു അന്ത്യോഖ്യൻ സഭയുടെ തീരുമാനം. എന്നാൽ 1958–നു ശേഷം നടന്ന കാതോലിക്കാ വാഴ്ചയിൽ പാത്രിയർക്കീസ് പങ്കെടുക്കുകയും പ്രധാന കാർമ്മികത്വം വഹിക്കുകയും ചെയ്തു. 1964 മെയ് 22 വെള്ളിയാഴ്ച കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വെച്ച് നടന്ന ഔഗേൻ കാതോലിക്കാബാവായുടെ സ്ഥാനാരോഹണമായിരുന്നു അത്. അതിന്റെ പ്രധാന കാർമ്മികൻ പ.യാക്കോബ്

(ശേഷം പേജ് 5–ൽ)

### ശുശ്രൂഷകർ അറിയാൻ

## ആരാധനാക്രമത്തിന്റെ നടത്തിപ്പുകാർ.....കഴിഞ്ഞലക്കം തുടർച്ച

ഫാ.യൂഹാനോൻ തിരുവനന്തപുരം

### 4. വി.കുമ്പസാരം

മാമോദീസാ സ്വീകരിച്ചശേഷം നാം ചെയ്തുപോയ പാപങ്ങൾക്ക് മോചനം നൽകുവാൻ ക്രിസ്തു സ്ഥാപിച്ച കൂദാശയാകുന്നു കുമ്പസാരം. കുമ്പസാരം വഴി അനുതപിക്കുന്ന പാപിക്ക് പ്രസാദവരം ലഭിക്കുകയും അതുവഴി സഭയും ദൈവവുമായി അനുരഞ്ജനപ്പെടുകയും ചെയ്യുന്നു. കുമ്പസാരം നിത്യശിക്ഷയിൽനിന്നു മോചിപ്പിച്ച്, മനസ്സിനു സമാധാനവും ശാന്തിയും ആത്മീയ ആശ്വാസവും പ്രദാനം ചെയ്യുന്നു. അനുതാപിയുടെ ആഗ്രഹവും സഹകരണവുമില്ലാതെ കുമ്പസാരമെന്ന കൂദാശ ഫലപ്രദമാകുകയില്ല. കുമ്പസാരമെന്ന കൂദാശയ്ക്ക് മൂന്നു ഘട്ടങ്ങളുണ്ട്. അനുതാപം, ഏറ്റുപറച്ചിൽ, പ്രായശ്ചിത്തം.

ഇതു മാനസാന്തരത്തിന്റെ കൂദാശ എന്നു വിളിക്കപ്പെടുന്നു. കാരണം മാനസാന്തരത്തിനുള്ള യേശുവിന്റെ വിളിയെ കൗദാശികമായി യാഥാർത്ഥ്യമാക്കുന്നു. ഒരുവൻ പാപംവഴി ആരിൽനിന്ന് അകന്നുപോയോ ആ പിതാവിലേക്ക് പിൻതിരിയുന്നതിനുള്ള പദ്ധതിയാണിത്.

ഇത് അനുതാപകൂദാശ എന്നു വിളിക്കപ്പെടുന്നു. കാരണം പാപിയായിത്തീർന്ന ക്രൈസ്തവന്റെ മാനസാന്തരത്തിന്റെയും പശ്ചാത്താപത്തിന്റെയും പരിഹാരം ചെയ്യലിന്റെയും വൈയക്തികവും സഭാത്മകവുമായ മാർഗത്തെ പവിത്രീകരിക്കുന്നു. ഇത് ഏറ്റുപറച്ചിലിന്റെ കൂദാശ എന്നു വിളിക്കപ്പെടുന്നു. കാരണം ഒരു വൈദികനോട് പാപങ്ങൾ ഏറ്റുപറയുക എന്നത് ഈ കൂദാശയുടെ സത്താപരമായ ഒരു ഘടകമാണ്. ആഴമുള്ള ഒരർത്ഥത്തിൽ ഇത് ദൈവത്തിന്റെ വിശുദ്ധിയുടെയും പാപിയായ മനുഷ്യനോടുള്ള അവിടുത്തെ കാരുണ്യത്തിന്റെയും ഒരു പ്രഖ്യാപനം - അംഗീകാരവും സ്തുതിയും - കൂടിയാണ്. ഇത് ക്ഷമയുടെ കൂദാശ എന്നു വിളിക്കപ്പെടുന്നു. കാരണം വൈദികൻ നടത്തുന്ന കൗദാശികമായ പാപമോചനാശീർവാദത്തിലൂടെ അനുതാപിക്കു ദൈവം പൊറുതിയും സമാധാനവും നൽകുന്നു. ഇത് അനുരഞ്ജനത്തിന്റെ കൂദാശ എന്ന് വിളിക്കപ്പെടുന്നു. കാരണം, അത് അനുരഞ്ജിപ്പിക്കുന്ന ദൈവത്തിന്റെ ജീവൻ പാപിക്കു പ്രദാനം ചെയ്യുന്നു. ദൈവത്തോട് രമ്യതപ്പെടുക. ദൈവത്തിന്റെ കരുണാപൂർണമായ സ്നേഹം കൊണ്ടു ജീവിക്കുന്ന വ്യക്തികൾ, കർത്താവിന്റെ വിളിക്കു പ്രത്യുത്തരം നൽകാൻ ബാധ്യസ്ഥരാണ്. ആദ്യം പോയി നിന്റെ സഹോദരനോട് രമ്യതപ്പെടുക.

### രോഗികളുടെ തൈലാഭിഷേകം

ഗൗരവപൂർണമായ രോഗത്തിന്റെയോ വാർധക്യത്തിന്റെയോ അവസ്ഥയാലുള്ള പ്രയാസങ്ങൾ അനുഭവിക്കുന്ന ക്രൈസ്തവന് സവിശേഷമായ ഒരു കൃപാവരം നൽകുക എന്നതാണ് രോഗീലേപനമെന്ന കൂദാശയുടെ ലക്ഷ്യം. രോഗം കൊണ്ടോ വാർധക്യം കൊണ്ടോ വിശ്വാസിമരണകരമായ അപകടത്തിലാകാൻ തുടങ്ങുമ്പോൾ, ഈ വിശുദ്ധലേപനം സ്വീകരിക്കാനുള്ള യഥാർത്ഥസമയം തീർച്ചയായും വന്നു കഴിഞ്ഞു. ഒരു ക്രൈസ്തവൻ ഗുരുതരമായ രോഗത്തിൽപ്പെടുന്ന ഓരോ സന്ദർഭത്തിലും രോഗീലേപനം സ്വീകരിക്കാം. അതു സ്വീകരിച്ചശേഷം രോഗം വർദ്ധിക്കുമ്പോഴും സ്വീകരിക്കാം.

രോഗീലേപനമെന്ന കൂദാശയുടെ സവിശേഷ കൃപാവരത്തിന്റെ ഫലങ്ങൾ താഴെപറയുന്നവയാണ്.

1. രോഗിയെ ക്രിസ്തുവിന്റെ സഹനത്തോടുള്ള ഐക്യപ്പെടുത്തൽ.

2. രോഗത്തിന്റെയോ വാർദ്ധക്യത്തിന്റെയോ സഹനങ്ങളെ ക്രൈസ്തവമായ രീതിയിൽ നേരിടാനുള്ള ബലവും സമാധാനവും ധീരതയും നൽകൽ.

3. രോഗിക്ക് അനുതാപ കൂദാശയിലൂടെ പാപമോചനം നേടാൻ സാധിച്ചിട്ടില്ലെങ്കിൽ പാപങ്ങളുടെ മോചനം.

4. രോഗിയുടെ ആത്മരക്ഷയ്ക്ക് ഉതകുന്ന പക്ഷം ആരോഗ്യം വീണ്ടെടുക്കൽ.

5. നിത്യജീവനിലേക്ക് കടന്നുപോകുന്നതിനുള്ള ഒരുക്കം.

### 5. വി.പൗരോഹിത്യം

ക്രിസ്തു തന്റെ അപ്പോസ്തോലന്മാരെ ഭരമേൽപ്പിച്ച ദൗത്യം യുഗാന്ത്യത്തോളം സഭയിൽ നിർവ്വഹിക്കപ്പെടുന്നത് പൗരോഹിത്യകൂദാശയിലൂടെയാണ്. അങ്ങനെ അത് അപ്പോസ്തോലിക ശുശ്രൂഷയുടെ കൂദാശയാണ്. അതിനു മൂന്നു പദവികൾ ഉണ്ട്. ബിഷപ്പ്, പുരോഹിതൻ, ഡീക്കൻ. മാമോദീസായിലൂടെ എല്ലാ വിശ്വാസികളും ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരുന്നു. ഈ പങ്കാളിത്വത്തെ വിശ്വാസികളുടെ പൊതുപൗരോഹിത്യം എന്നു വിളിക്കുന്നു.

ശുശ്രൂഷാ പൗരോഹിത്യം വിശ്വാസികളുടെ പൊതുപൗരോഹിത്യത്തിൽനിന്ന് സാരാംശത്തിൽ ഭിന്നമാകുന്നു. കാരണം, വിശ്വാസികളുടെ ശുശ്രൂഷയ്ക്കായി അത് വിശുദ്ധമായ ഒരു അധികാരം പ്രദാനം ചെയ്യുന്നുണ്ട്. പട്ടം കിട്ടിയ ശുശ്രൂഷകർ ദൈവജനത്തിനുവേണ്ടി സേവനംചെയ്യുന്നത് പ്രബോധനത്തിലൂടെയും (പ്രബോധന ധർമ്മം) ദൈവാരാധനയിലൂടെയും (ആരാധനാക്രമം) അജപാലനത്തിലൂടെയുമാണ് (അജപാലന ധർമ്മം). ആരംഭം മുതൽ പൗരോഹിത്യം ഈ മൂന്നു പദവികൾ നൽകപ്പെടുകയും നിർവ്വഹിക്കപ്പെടുകയും ചെയ്തിരുന്നു. കൈവെപ്പും തുടർന്നുള്ള പ്രാർത്ഥനയും വഴിയാണ് പൗരോഹിത്യ കൂദാശ നൽകുന്നത്. പട്ടം സ്വീകരിക്കുന്നയാൾക്ക് ശുശ്രൂഷയ്ക്കാവശ്യമായ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നൽകണമേ എന്നാണ് ദൈവത്തോട് യാചിക്കുന്നത്. പൗരോഹിത്യം വ്യക്തിയിൽ മായാത്ത കൗദാശിക മുദ്ര പതിക്കുന്നു. ശുശ്രൂഷാ നിർവഹണത്തിനാവശ്യമായ യോഗ്യതയുണ്ടെന്നു വേണ്ടവിധം തെളിയിച്ചവർക്ക് മാത്രമാണ് സഭ പൗരോഹിത്യം നൽകുന്നത്.

### 6. വിവാഹം

സ്ത്രീയും പുരുഷനും തമ്മിൽ ജീവിതകാലം മുഴുവനും നീണ്ടുനിൽക്കുന്ന സഖ്യം ഉളവാക്കുന്ന വിവാഹ ഉടമ്പടി അതിന്റെ സ്വഭാവത്താൽ തന്നെ അതിന്റെ നന്മയ്ക്കും സന്താനോൽപാദനത്തിനും അവരുടെ വിദ്യാഭ്യാസത്തിനുംവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. മാമോദീസാ സ്വീകരിച്ച സ്ത്രീയും പുരുഷനും തമ്മിലുള്ള ഈ ഉടമ്പടിയെ കർത്താവായ ക്രിസ്തു ഒരു കൂദാശയുടെ പദവിയിലേക്ക് ഉയർത്തിയിരിക്കുന്നു.

സ്ത്രീയും പുരുഷനും ഒരുമിച്ചുള്ള ജീവിതത്തിന്റെയും സ്നേഹത്തിന്റെയും ഗാഢമായ ഐക്യം ഉളവാക്കുന്ന വിവാഹ ഉടമ്പടി സ്രഷ്ടാവ് സ്ഥാപിച്ചിട്ടുള്ളതും പ്രത്യേക നിയമങ്ങളാൽ ഉറപ്പിച്ചിട്ടുള്ളതുമാകുന്നു. ദമ്പതികളുടെ നന്മയും സന്താനോൽപാദനവും രൂപീകരണവും ആണ് അതിന്റെ സഹജവും സ്ഥാപിതവുമായ ലക്ഷ്യങ്ങൾ. മാമോദീസാ സ്വീകരിച്ചവർ തമ്മിലുള്ള വിവാഹത്തെ കർത്താവായ ക്രിസ്തു ഒരു കൂദാശയുടെ പദവിയിലേക്ക് ഉയർത്തുകയുണ്ടായി. വിവാഹമെന്ന കൂദാശ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. ക്രിസ്തു തന്റെ സഭയെ സ്നേഹിച്ച ആ സ്നേഹംകൊണ്ട് പരസ്പരം സ്നേഹിക്കുവാൻ അത് ദമ്പതികൾക്ക് കൃപാവരം നൽകുന്നു. (തുടരും)

## ധ്യാനപീഠം

ഫാ.സൈമൺ ലൂക്കോസ്

## പെന്തിക്കോസ്തിക്കു ശേഷം മൂന്നാം ഞായർ

**വി.യോഹ.6:35-46**

ഞാൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്ന അപ്പമാണെന്നും (6:41) എന്നെ ഭക്ഷിക്കുന്നവൻ മരിക്കാതെ എന്നെന്നും ജീവിക്കുമെന്നും (6:49) ഉള്ള കർത്താവിന്റെ വളരെ ദൃഢവും വ്യക്തവുമായുള്ള വചനങ്ങളാണിത്. കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ വിമോചനത്തിനും യേശുക്രിസ്തുവിന്റെ നിത്യജീവന്റെ ഭാഗമാകുന്നതിനുമാണ് തിരുസഭാഗാത്രത്തിലെ അംഗങ്ങൾക്ക് കർത്താവ് തന്റെ തിരുശരീര രക്തങ്ങൾ പകർന്നു നൽകുന്നത്. വിമാമോദീസാ അഥവാ സ്നാനത്തിലൂടെ യേശുക്രിസ്തുവിനോട് ഒട്ടിച്ചേർക്കപ്പെട്ട് തന്റെ പുത്ര പുത്രീ പദവിയിലുള്ളവർക്ക് കർത്താവ് നൽകിയ നിത്യജീവന്റെ വഴിയാഹാരമാണ് കർത്താവിന്റെ തിരുശരീര രക്തങ്ങൾ. കാഴ്ച, ബലിയർപ്പിതമായത് എന്നീ അർത്ഥമുള്ള വി.കുർബ്ബാന കർത്താവിന്റെ കാൽവറിയിലെ യാഗത്തിന്റെ തുടർച്ചയും പുനരാവിഷ്ക്കാരവുമാണ്. കർത്താവിന്റെ കാൽവറിയിലെ ബലി ലോകത്തിന്റെ പാപപരിഹാരത്തിനായി ഭവിച്ചതുപോലെ വിശുദ്ധ കുർബ്ബാന അനുഭവിക്കുന്നതിലൂടെ പാപ പരിഹാരവും നിത്യജീവനും നാം പ്രാപിക്കുന്നു. അതുമൂലമാണ് ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവന്റെ അപ്പമാകുന്നുവെന്ന് കർത്താവ് പറയുന്നത്. യേശുക്രിസ്തുവിന്റെ ജീവൻ ധാരാളമായി നാം പ്രാപിക്കുന്നത് കർത്താവിന്റെ തിരുശരീര രക്തത്തിലുള്ള പങ്കുചേരലിലൂടെയാണ്.

എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കുകയില്ല (6:36) എന്ന കർത്താവിന്റെ സാക്ഷ്യം ജീവസന്ധാരണ ആവശ്യങ്ങളേക്കാളുപരിയാണ്. മനുഷ്യന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളും കടലിൽ തിരമാലകൾ പൊങ്ങുന്നതുപോലെയാണ്. ഒരെണ്ണം പൂർത്തിയാക്കുമ്പോൾ സഫലമാകാത്തവ നിരാശയിലേക്ക് നയിക്കും. ദൈവം എന്നോടു കൂടെയിരിക്കുന്നുവല്ലോ (സങ്കീ.23:4). പച്ചയായ പുൽപ്പുറങ്ങളിലേക്കും സ്വസ്ഥതയുള്ള വെള്ളത്തിനരികിലേക്കും ദൈവം ദാവീദിനെ നയിച്ചു. ദൈവത്തോടൊത്തു വസിക്കേണ്ടതായ മനുഷ്യൻ ദൈവത്തിൽനിന്നകന്നും പിൻമാറിയും പോകുന്നു. മലാഖി പ്രവാചകനിലൂടെ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു എന്റെ അടുക്കലേക്ക് മടങ്ങിവരുവിൻ, ഞാൻ നിങ്ങളുടെ അടുക്കലേക്കും മടങ്ങിവരും (മലാ.3:7). പിതാവ് എനിക്കു തന്നതൊക്കെയും എന്റെ അടുക്കൽ വരും (6:37). ദൈവകൃപയനുഭവിച്ചവർ ദൈവസന്നിധിയിലേക്ക് കടന്നുവരും. സൃഷ്ടാവിനോടുള്ള സൃഷ്ടിയുടെ വിധേയത്വവും കടപ്പാടുമാണ് ആരാധന. ദൈവമേ എന്റെ ഹൃദയം ഉറച്ചിരിക്കുന്നു, ഞാൻ പാടും എന്റെ മനംകൊണ്ട് കീർത്തനം പാടും (സങ്കീ.108:1). യേശുക്രിസ്തുവിന്റെ സന്നിധിയിലേക്ക് സ്തുതിയോടും സ്തോത്രത്തോടും അനുതാപത്തോടും നാം കടന്നുവരണം. പ്രാർത്ഥനയും യാഗവും കഴിച്ച് കുടുംബത്തെ മുഴുവൻ ദൈവകരങ്ങളിൽ സമർപ്പിച്ചിരുന്ന ഇയ്യോബിന്റെ ഭവനത്തെ ദൈവം വേലികെട്ടി സംരക്ഷിച്ചുവരുന്നതായി തിരുവചനം സാക്ഷിക്കുന്നു.

തനിക്കു ലഭിച്ച ദൈവകൃപയെപ്പറ്റി ഇയ്യോബ് ഇപ്രകാരം വിവരിച്ചിരിക്കുന്നു. അന്ന് അവന്റെ ദീപം എന്റെ തലക്കുമീതെ പ്രകാശിച്ചു. ദൈവത്തിന്റെ വെളിച്ചത്താൽ ഞാൻ ഇരുട്ടിൽകൂടെ നടന്നു. എന്റെ കൂടാരത്തിന് ദൈവത്തിന്റെ സഖ്യം ഉണ്ടായിരുന്നു (ഇയ്യോബ് 29:3,4). എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല. ദൈവസന്നിധിയിലേക്ക് കടന്നുവരുന്നവരെ തള്ളിക്കളയാതെ കർത്താവ് കൈക്കൊള്ളുന്നു. ഒരു മാതാവ് തന്റെ കുഞ്ഞിനെ മറന്നാലും ഞാൻ നിന്നെ മറന്നുകളയുകയില്ലെന്ന് അരുളിച്ചെയ്ത അമൂല്യസ്നേഹമാണ് കർത്താവിന്റെ വാക്കുകളിലൂടെ വെളിവാക്കുന്നത്. സമൂഹത്തിൽ വിലയില്ലാത്തവളായിരുന്നു പാപിനിയായ സ്ത്രീ. അനുതാപ ഹൃദയത്തോടെ കർത്തൃസന്നിധി അണഞ്ഞപ്പോൾ കർത്താവ് കൈക്കൊണ്ടു പാപമോചനവും സമാധാനവും നൽകി. ആകയാൽ ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു. സമാധാനത്തോടെ പോകുകയെന്ന് പറഞ്ഞു (വി.ലൂക്കോ.7:47-50). വഴിയരികെ ഇരുന്ന കുരുടന്റെ നിലവിളിക്കു മുന്നിൽ കർത്താവ് നിന്നു. തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കുകയില്ല (സങ്കീ.51:17). ജീവിതത്തിന്റെ ഏതവസ്ഥയിൽനിന്നും കർത്തൃസന്നിധിയിലേക്ക് കടന്നുവരുന്നവരെ യേശുക്രിസ്തു സ്വീകരിക്കുന്നത് നാം പ്രാപിച്ച പുത്രപദവിക്കനുസരണമായിട്ടാണ്. സ്വർഗ്ഗീയ പിതാവിന്റെ തിരുഹിതം അനുവർത്തിക്കുകയെന്നതാണ് തന്റെ ദൗത്യമായി കർത്താവ് പറയുന്നത് (6:38).

ദൈവത്തിന്റെ ഹിതം ലോകത്തിൽ നിവർത്തിക്കുവാൻ വിളിച്ചുവേർതിരിക്കപ്പെട്ടവരായിരുന്നു യിസ്രായേൽ മക്കൾ. അതിൽ അവർ പരാജയപ്പെട്ടപ്പോഴായിരുന്നു അവരെ തള്ളിക്കളഞ്ഞ് പുതിയ യിസ്രായേലിനെ സ്ഥാപിക്കുന്നത്. അതുകൊണ്ട് യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു ഈ ജനം അടുത്തുവന്ന് വായ്കൊണ്ടും അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു എങ്കിലും തങ്ങളുടെ ഹൃദയം അവർ എന്നിൽനിന്നും ദൂരത്ത് വെച്ചിരിക്കുന്നു (യെശയ്യ29:13). ഇഹലോകജീവിതത്തിൽ ദൈവത്തിന്റെ ഹിതം അനുവർത്തിക്കുന്നവർ ദൈവത്തെ പ്രസാദിപ്പിക്കും. നിത്യസന്തോഷത്തിലേക്ക് എല്ലാവരെയും കൂട്ടിച്ചേർക്കുവാനാണ് കർത്താവ് ആഗ്രഹിക്കുന്നത്. എബ്രായ ലേഖനത്തിൽ വിശ്വാസവീരന്മാരുടെ ജീവിതവും ലക്ഷ്യവും രേഖപ്പെടുത്തിയിട്ടുണ്ട്. അവരോ അധികം നല്ലതിനെ സ്വർഗ്ഗീയമാതയിനെ തന്നെ കാംക്ഷിച്ചിരുന്നു. ആകയാൽ ദൈവം അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല. എന്തെന്നാൽ അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നു (എബ്രാ.11:6). സ്വർഗ്ഗീയ മന്നയായ കർത്താവിനെ ഭക്ഷിച്ച് പാനംചെയ്ത് ജീവിക്കുമ്പോൾ സ്വർഗ്ഗീയ ജീവനാണ് പ്രാപിക്കുന്നതെന്ന കർത്താവിന്റെ വാഗ്ദാനത്തെ പരീശന്മാരും സാദൂക്യരും ചോദ്യം ചെയ്യുന്നു (6:41). ഇതിന്റെ ആധുനിക വക്താക്കൾ ഇന്നുമുണ്ട്. യേശുക്രിസ്തുവിന്റെ ജീവൻ പ്രാപിക്കുവാനും കർത്താവിന്റെ ഭാഗമായി തീരുവാനും കർത്തൃശരീര രക്തങ്ങൾ വിശ്വാസത്തോടും ഒരുക്കത്തോടുംകൂടെ അനുഭവിക്കണം.

## ശതാബ്ദി ...പേജ് 4-ൽനിന്ന്

തൃതീയൻ പാത്രിയർക്കീസായിരുന്നു. കാനോൻ വ്യവസ്ഥകളും ഭരണഘടനാ വ്യവസ്ഥകളും ഇവിടെ പാലിക്കപ്പെട്ടു. എന്നാൽ അതിന്റെ പിന്നിലുള്ള സന്ദേശം - കാതോലിക്കാ ഒരു മഫ്രിയാനാ മാത്രമാണ് എന്ന സന്ദേശം - വ്യക്തമായി തിരിച്ചറിയാൻ മലങ്കരസഭയ്ക്ക് ഇപ്പോഴും സാധിക്കുന്നില്ല.

വട്ടശ്ശേരിൽ തിരുമേനി സ്വീകരിച്ച നിലപാടും അതേ ആവശ്യവും ഉന്നയിക്കുന്ന ചില മെത്രാച്ചന്മാരും വൈദികരും ഇന്നും മലങ്കരസഭയിലുണ്ട്. അവർ പറയുന്നത് ഇപ്പോഴത്തെ പാത്രിയർക്കീസിനെ മലങ്കര ഒർത്തഡോക്സ് സഭ സ്വീകരിക്കുന്നില്ല. കാരണം മലങ്കരസഭയുടെ അറിവോ സമ്മതമോ കാതോലിക്കായുടെ പങ്കാളിത്തമോ ഇല്ലാതെയാണ് അദ്ദേഹം വാഴിക്കപ്പെട്ടത്. ശരി. എന്തുകൊണ്ടാണ് പാത്രിയർക്കാവാഴ്ചയ്ക്ക് മലങ്കരസഭയുടെ പങ്കാളിത്തം ഉണ്ടാകേണ്ടത്? മലങ്കരയിലെ കാതോലിക്കാ സ്ഥാനം മഫ്രിയാനാ സ്ഥാനമായി അംഗീകരിക്കപ്പെടുന്നതുകൊണ്ട്. മഫ്രിയാനായും പാത്രിയർക്കീസും തമ്മിലുള്ള കാനോനികമായ ഉടമ്പടിയുടെ അടിസ്ഥാനത്തിലാണല്ലോ ഇരുവരുടെയും തെരഞ്ഞെടുപ്പിനും വാഴ്ചയ്ക്കുമുള്ള പരസ്പര പങ്കാളിത്തം.

ഇപ്പോഴത്തെ പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പിനും വാഴ്ചയ്ക്കും മലങ്കരസഭയെ ക്ഷണിച്ചില്ല എന്നു പരാതിപ്പെടുന്നവർ മലങ്കരയിലെ കാതോലിക്കാ സ്ഥാനത്തെ മഫ്രിയാനാ സ്ഥാനമായി പരിമിതിപ്പെടുത്തുകയാണ് അതുവഴി ചെയ്യുന്നതെന്ന് അവർതന്നെ മനസ്സിലാക്കുന്നില്ല.

**Vol. 17 Issue 17**
**July 1-15**

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/ 163/2009-2011
Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 58/2009-11

**ചിരിവര ——— ജോയി കുളനട**




## ശിലാസ്ഥാപനം

മുളന്തുരുത്തി : കാതോലിക്കേറ്റ് ശതാബ്ദി സ്മാരകമായി മുളന്തുരുത്തിയിൽ നിർമ്മിക്കുന്ന ഓർത്തഡോക്സ് സെന്റർ പ്രോജക്റ്റിന് ജൂലൈ 3ന് അടിസ്ഥാനശിലയിടും. പ.ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് വലിയ ബാവായും, പ.ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവായും ചേർന്ന് പരുമല പള്ളി കബറിങ്കൽവെച്ച് പ്രാർത്ഥിച്ച ശിലയുടെ സ്ഥാപനം കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ സഖറിയാ മാർ അന്തോണിയോസ്, അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ പോളീകാർപ്പോസ് എന്നീ തിരുമേനിമാരുടെ സാന്നിദ്ധ്യത്തിൽ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ ഡോ.യാക്കൂബ് മാർ ഐറേനിയോസ് നിർവ്വഹിക്കും.

ശിലാസ്ഥാപനത്തെ തുടർന്നു ചേരുന്ന സുഹൃത്ത് സമ്മേളനം ജസ്റ്റിസ് ജെ.ബഞ്ചമിൻ കോശി ഉദ്ഘാടനം ചെയ്യും. ഓർത്തഡോക്സ് സെന്റർ വെബ്സൈറ്റ് സഭാ വൈദികട്രസ്റ്റി ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട് ഉദ്ഘാടനം ചെയ്യും. കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യാക്കൂബ് മാർ ഐറേനിയോസ് അദ്ധ്യക്ഷത വഹിക്കും.

## റവ.ജേക്കബ് മണ്ണാറപ്രായിൽ ആർദ്രചിത്തനായ വൈദികൻ : മന്ത്രി വി.കെ.ഇബ്രാഹിംകുഞ്ഞ്

ആലുവ : നിർവ്യാജ സ്നേഹത്തിന്റെയും നിസ്വാർത്ഥ സേവനത്തിന്റെയും വിളനിലമായ ഡോ.ജേക്കബ് മണ്ണാറപ്രായിൽ കോർ എപ്പിസ്കോപ്പാ ജനഹൃദയങ്ങളിൽ ജീവിക്കുന്ന ആർദ്രചിത്തനായ വൈദികശ്രേഷ്ഠനാണെന്ന് പൊതുമരാമത്ത് മന്ത്രി വി.കെ.ഇബ്രാഹിംകുഞ്ഞ് അഭിപ്രായപ്പെട്ടു. ഏലൂർ മാർ ഗ്രിഗോറിയോസ് പള്ളിയിൽനിന്നും സ്ഥലംമാറിപ്പോകുന്ന റവ.ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പായുടെ യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമ്മേളനത്തിൽ അഭിനവ മന്ത്രിക്കു ഊഷ്മള സ്വീകരണം നൽകി.

അഡ്വ.ജോർജ് വർഗീസ്, പി.ടി.മാത്യു, ടി. കൊച്ചുജോർജ്, അമ്മിണി റോജി എന്നിവർ പ്രസംഗിച്ചു. ട്രസ്റ്റി തോമസ് മാത്യു, സെക്രട്ടറി കെ.ജെ.റോജി എന്നിവർ ഉപഹാരം സമർപ്പിച്ചു.

വേദനിക്കുന്ന മനസ്സുകളെ നന്മയുടെ നറുംതേൻ ചാലിച്ച് സംശുദ്ധമാക്കേണ്ട ചാലകശക്തിയായി സഭയും സമൂഹവും മാറണമെന്ന് റവ.മണ്ണാറപ്രായിൽ മറുപടി പ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു.

## *BRIDE WANTED*

**ഓർത്തഡോക്സ് യുവാവ് 28/172, എം.എ.ഇക്കണോമിക്സ്, കേരളത്തിലെ പ്രമുഖ ധനകാര്യ സ്ഥാപനത്തിൽ മാനേജർ, സാധാരണ കുടുംബം. ദൈവഭയവും ഉയർന്ന വിദ്യാഭ്യാസവുമുള്ള യുവതികളുടെ മാതാപിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു. ജോലിയുള്ളവർക്ക് മുൻഗണന.**

**M4mary.com ID No - 2769441**
**Contact No : 9605689689**
**Location : Kollam, Pathanapuram**

## കുടുംബസംഗമം

മുളന്തുരുത്തി : മലങ്കര ഓർത്തഡോക്സ് സഭ കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയുടെ ആഭിമുഖ്യത്തിൽ സെന്റ് തോമസ് കാതോലിക്കേറ്റ് സെന്ററിൽ ജൂൺ 26 ഞായറാഴ്ച കുടുംബസംഗമവും കലാ-കായിക മത്സരവും നടത്തപ്പെട്ടു. പന്ത്രണ്ട് പ്രാർത്ഥനായോഗങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സംഗമം കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ ഡോ.യാക്കൂബ് മാർ ഐറേനിയോസ് ഉദ്ഘാടനം ചെയ്തു.

ശതാബ്ദി സ്മാരക ഓർത്തഡോക്സ് സെന്റർ അടിസ്ഥാന ശിലാസ്ഥാപനത്തിന്റെ അനുഗ്രഹങ്ങൾക്കായി സമർപ്പണ പ്രാർത്ഥനയെതുടർന്ന് ചർച്ചകൾ, പ്രസംഗങ്ങൾ, ക്വിസ് മത്സരം, കുട്ടികളുടെയും മുതിർന്നവരുടെയും കലാകായിക മത്സരങ്ങൾ തുടങ്ങിയവ സംഗമത്തിന്റെ ഭാഗമായി നടത്തപ്പെട്ടു. രണ്ടര വയസ്സു മുതൽ 88 വയസ്സുവരെയുള്ളവർ മത്സരങ്ങളിൽ പങ്കെടുത്തു. വികാരി ഫാ.ജിയോ ജോർജ്ജ്, സഹവികാരി ഫാ.ജോൺ ജോർജ്ജ്, ഫാ.കെ.റ്റി.ഏലിയാസ്, ഫാ.ഏബ്രഹാം ഇടമ്പാടം, ഫാ.മാത്യൂസ് കാഞ്ഞിരംപാറ, ഫാ.തോമസ് മ്യാലിൽ, ഫാ.എം.എം.ജേക്കബ്, ഫാ.മേരീദാസ് സ്റ്റീഫൻ, ഫാ.ഷിബു കൊളുത്താൽ, ഫാ.ബിജു എബി മാത്യൂസ്, ഫാ.ജോൺ, ഷാജൻ ജേക്കബ് തുടങ്ങിയവരുൾപ്പെടുന്ന 51 അംഗ കമ്മിറ്റി പരിപാടികൾക്ക് നേതൃത്വം നൽകി.

## ദുക്റോനോ പെരുന്നാൾ

മുളന്തുരുത്തി : മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുന്നാൾ ജൂലൈ 1 മുതൽ 3 വരെ സെന്റ് തോമസ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സെന്ററിൽ വിവിധ പരിപാടികളോടെ ആഘോഷിക്കും.

## നെയ്യാറ്റിൻകര മിഷൻ സെന്ററിന്റെയും ബാലഭവന്റെയും രജതജൂബിലി

തിരുവനന്തപുരം : മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന നെയ്യാറ്റിൻകര സെന്റ് തോമസ് മിഷൻ സെന്ററിന്റെയും ബാലഭവന്റെയും രജതജൂബിലി ആഘോഷങ്ങൾ ജൂലൈ 9 ശനിയാഴ്ച ഗതാഗതവകുപ്പ് മന്ത്രി വി.എസ്.ശിവകുമാർ ഉദ്ഘാടനം ചെയ്യും. മിഷൻ ബോർഡ് പ്രസിഡന്റ് ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും. ഡോ.യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തും. വെരി.റവ.ജോസഫ് സാമുവൽ കറുകയിൽ കോർഎപ്പിസ്കോപ്പാ, ഫാ.ബേബി തോമസ്, ബാലഭവൻ മാനേജർ ഫാ.സ്റ്റാൻലി ജോൺസ്, സെൽവരാജ് എം.എൽ.എ., റവ.എം.വിക്ടർ ജോൺ തുടങ്ങിയവർ പ്രസംഗിക്കും. ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ പരിശ്രമഫലമായും കാലംചെയ്ത ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രപ്പോലീത്തായുടെ സഹകരണത്താലും നെയ്യാറ്റിൻകര ശാന്തപതിയിൽ ഏബ്രഹാം മോസസും സഹധർമ്മിണി ഡോ.അന്നാ മോസസും (മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ സഹോദരപുത്രി) സഭയ്ക്ക് ദാനമായി നൽകിയ സ്ഥലവും ഭവനവും കേന്ദ്രമാക്കി 1986 ജൂലൈ മൂന്നിനാണ് മിഷൻ സെന്ററും ബാലഭവനും പ്രവർത്തനം ആരംഭിച്ചത്. ജാതിമതഭേദമില്ലാതെ ഇപ്പോൾ 22 കുട്ടികൾ ഈ സ്ഥാപനത്തിൽ താമസിച്ചു പഠിക്കുന്നു.

## ബഥനി ആശ്രമത്തിൽ പിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുനാൾ

റാന്നി പെരുനാട് ബഥനി ആശ്രമ സ്ഥാപകനായ അഭി. അലക്സിയോസ് മാർ തേവോദോസിയോസ് , യൂഹാനോൻ മാർ അത്താനാസിയോസ് എന്നീ പിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുനാളിന്റെ ഭംഗിയായ നടത്തിപ്പിനേപ്പറ്റി ആലോചിക്കുവാൻ നിലയ്ക്കൽ മേഖലയിലുള്ള പള്ളി വികാരിമാർ പ്രതിനിധികൾ ഇവരുടെ ഒരു യോഗം ഇടുക്കി ഭദ്രാസനാധിപൻ അഭി. മാത്യുസ് മാർ തേവോദോസിയോസിന്റെ അദ്ധ്യക്ഷതയിൽ പെരുനാട് ബഥനി ആശ്രമത്തിൽ ചേർന്നു. നിലയ്ക്കൽ ഭദ്രാസനാധിപൻ അഭി . ജോഷ്വാ മാർ നിക്കോദീമോസ് യോഗം ഉത്ഘാടനം ചെയ്തു. ആഗസ്റ്റ് 5-ാം തീയതി ഉച്ചകഴിഞ്ഞ് , റാന്നി,വടശേരിക്കര,ചിറ്റാർ മേഖലകളിൽ നിന്നും കബറിടത്തിലേക്ക് പദയാത്രകളും വൈകുന്നേരം നടക്കുന്ന പൊതുസമ്മേളനത്തിൽ മാർ തേവോദോസിയോസ് സ്മാരക സ്കോളർഷിപ്പുകൾ, മാർ തേവോദോസിയോസ് എക്യുമിനിക്കൽ അവാർഡ് ഇവ നൽകുന്നതിനു തീരുമാനിച്ചു.

## SIGMA COLLEGE OF NURSING ADMISSION

**INC & AP Nursing Council അംഗീകാരത്തോടെ ഹൈദ്രാബാദിൽ ഓർത്തഡോക്സ് സഭാംഗത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന (250 Bed Hospital) നേഴ്സിംഗ് കോളജിലേക്ക് GNM, B.Sc, Post B.Sc, M.Sc Nursing എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് ഗവൺമെന്റ് ഫീസിൽ അഡ്മിഷൻ ലഭ്യമാണ്. നിർദ്ധന സഭാംഗങ്ങൾക്ക് ഫീസ് കൺസഷൻ ഉണ്ടായിരിക്കും.**

**കൂടാതെ എല്ലാ വിഭാഗത്തിലുമുള്ള എൻജിനീയറിംഗ് കോഴ്സുകൾക്കും പ്രവേശനം നൽകുന്നു.**

**Contact**
**K.G.Alexander (Administrative Officer)**
**Ph. 0468-2365696, 09492448124, 08415223285**

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor